©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 24<br>24th July 2018<br>1193 കർക്കടകം 8<br>8th Karkadakam 1193<br>1940 ശ്രാവണം 2<br>2nd Sravana 1940 | നമ്പർ<br>No. 30 |

# PART III

# Forest Department

### റിസർച്ച് സൗത്ത് ഡിവിഷൻ, തിരുവനന്തപുരം

ദർഘാസ് പരസ്യം

നമ്പർ എസ്1-434/2018. 2018 ജൂൺ 29.

കേരള ഗവർണ്ണർക്കുവേണ്ടി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത് ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. റിസർച്ച് സൗത്ത് ഡിവിഷനിൽ താഴെപ്പറയുന്ന പരിചരണ പ്രവർത്തനങ്ങൾക്കും, വിത്ത് ശേഖരണത്തിനുമായി മൽസര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ദർഘാസുകൾ വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കരാറുകാർ/സ്ഥാപനങ്ങളിൽ നിന്നും 31-7-2018-ാം തീയതി ഉച്ചയ്ക്കുശേഷം 3 മണിവരെ തിരുവനന്തപുരം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത് ഡിവിഷൻ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം ക്ഷണിച്ചുകൊള്ളുന്നു.

ഏതെങ്കിലും കാരണവശാൽ 31-7-2018-ാം തീയതി ഈ ദർഘാസ് നടക്കാതെ വരികയാണെങ്കിൽ മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി 3-8-2018, 7-8-2018 എന്നീ തീയതികളിൽ അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതായിരിക്കും.

പട്ടിക

| ക്രമ നമ്പർ | ദർഘാസ് നമ്പർ | റിസർച്ച് യൂണിറ്റിന്റെ പേര് | പ്രവൃത്തിയുടെ പേര് | അളവ് | നിരതദ്രവ്യം | ടെണ്ടർ ഫോറത്തിന്റെ വില + (ജി. എസ്. ടി.) | അടങ്കൽ തുക |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | 15/2018-19 | കുളത്തൂപ്പുഴ | പരിചരണ പ്രവർത്തനങ്ങൾ<br>1. 1998 കെയ്ൻ പ്ലോട്ട്, കാലംകാവ്<br>2. 1998 കെയ്ൻ പ്ലോട്ട്, മൈലമൂട്<br>3. 1999 കെയ്ൻ പ്ലോട്ട്, ആനപ്പാളയം | 18.44 ഹെ. | 4,482 | 705.6<br>(630+75.6) | 1,79,293 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 2 | 16/2018-19 | കുളത്തൂപ്പുഴ | വിവിധ തോട്ടങ്ങളിലെ പരിചരണ പ്രവർത്തനങ്ങൾ—<br>1986, 1987, 1988 പി. എം. എസ്. പ്ലോട്ട്, കല്ലുവെട്ടാൻകുഴി | 20 ഹെ. | 20,800 | 1,843<br>(1,645+198) | 8,22,360 |
| 3 | 17/2018-19 | കുളത്തൂപ്പുഴ | പരിചരണ പ്രവർത്തനങ്ങൾ—<br>1. പറക്കുളം, നടുവത്തുമൂഴി റെയ്ഞ്ച്<br>2. വയക്കര, നടുവത്തുമൂഴി റെയ്ഞ്ച് | 4 ഹെ. | 5,000 | 705.6<br>(630+75.6) | 2,00,000 |
| 4 | 18/2018-19 | പീരുമേട് | പരിചരണ പ്രവർത്തനങ്ങൾ—<br>എന്യൂമറേഷൻ, സ്കോറിംഗ്, ജനറ്റിക് കള്ളിംഗ് 1988 തെക്കുമല | 30 ഹെ. | 13,750 | 1,232<br>(1,100+132) | 5,50,000 |
| 5 | 19/2018-19 | പീരുമേട് | പരിചരണ പ്രവർത്തനങ്ങൾ—<br>എന്യൂമറേഷൻ, സ്കോറിംഗ്, ജനറ്റിക് കള്ളിംഗ് 1983 പാച്ചോട്ടി | 50 ഹെ. | 19,450 | 1,743<br>(1,556+187) | 7,78,000 |
| 6 | 20/2018-19 | പീരുമേട് | പരിചരണ പ്രവർത്തനങ്ങൾ—<br>എന്യൂമറേഷൻ, സ്കോറിംഗ്, ജനറ്റിക് കള്ളിംഗ് 1967 തെക്കുമല | 15 ഹെ. | 7,750 | 705.6<br>(630+75.6) | 3,10,000 |
| 7 | 21/2018-19 | പീരുമേട് | പരിചരണ പ്രവർത്തനങ്ങൾ—<br>എന്യൂമറേഷൻ, സ്കോറിംഗ്, ജനറ്റിക് കള്ളിംഗ് 1980 കുടപ്പനക്കുളം | 25 ഹെ. | 10,700 | 959<br>(856+103) | 4,28,000 |
| 8 | 22/2018-19 | പീരുമേട് | പരിചരണ പ്രവർത്തനങ്ങൾ—<br>അസിസ്റ്റന്റ് നാച്ചുറൽ റീജനറേഷൻ സാൻഡൽ റിസർവ് 54 മറയൂർ | 18 ഹെ. | 11,625 | 1,042<br>(930+112) | 4,65,000 |
| 9 | 23/2018-19 | പീരുമേട് | പരിചരണ വിത്തുശേഖരണ പ്രവർത്തനങ്ങൾ—<br>1. 1980 സാൻഡൽ റീജനറേഷൻ, ആനക്കാൽപ്പെട്ടി<br>2. 1982 സാൻഡൽ സീഡ് സ്റ്റാന്റ്, നാച്ചിവയൽ<br>3. 1980-81 സാൻഡൽ സീഡ് സ്റ്റാന്റ്, ആനക്കാൽപ്പെട്ടി<br>4. 1981 സാൻഡൽ സീഡ് സ്റ്റാന്റ്, ആനക്കാൽപ്പെട്ടി<br>5. 1982 സാൻഡൽ റീജനറേഷൻ, നാച്ചിവയൽ<br>6. 1983 സാൻഡൽ സീഡ് സ്റ്റാന്റ്, നാച്ചിവയൽ<br>7. 1985 സാൻഡൽ സീഡ് സ്റ്റാന്റ്, ആനക്കാൽപ്പെട്ടി<br>8. 1985 സാൻഡൽ സീഡ് സ്റ്റാന്റ്, നാച്ചിവയൽ<br>9. 1987 സാൻഡൽ റീജനറേഷൻ, ആനക്കാൽപ്പെട്ടി | 34.6 ഹെ. | 14,162 | 1,256<br>(1,133+136) | 5,66,477 |
| 10 | 24/2018-19 | പീരുമേട് | പരിചരണ പ്രവർത്തനങ്ങൾ—<br>1. തേൻകുടം ബിറ്റ്-1, കാളിയാർ റെയ്ഞ്ച്<br>2. തേൻകുടം ബിറ്റ്-2, കാളിയാർ റെയ്ഞ്ച് | 2 ഹെ. | 5,000 | 705.6<br>(630+75.6) | 2,00,000 |
| 11 | 25/2018-19 | കോടനാട് | പരിചരണ പ്രവർത്തനങ്ങൾ—<br>ബാർബെഡ് ഫെൻസിംഗ് ചുള്ളി ജീൻബാങ്ക് പ്ലാന്റേഷൻ | 450 മീ. | 1,720 | 705.6<br>(630+75.6) | 68,800 |

ദർഘാസ് ഫോറത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—31-7-2018 ഉച്ചയ്ക്കുശേഷം 1 മണി വരെ.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—31-7-2018 ഉച്ചയക്കുശേഷം 3 മണി വരെ.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും—31-7-2018 ഉച്ചയ്ക്കുശേഷം 3.30 മണി.

പകരം തുറക്കുന്ന തീയതികൾ—3-8-2018, 7-8-2018.

ദർഘാസുകൾ നടത്തുന്ന സ്ഥലം—ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ റിസർച്ച് സൗത്ത് കാര്യാലയം.

കാലാവധി—എഗ്രിമെന്റ് തീയതി മുതൽ 6 മാസത്തിനകം ജോലികൾ പൂർത്തിയാക്കിയിരിക്കണം. കൂടാതെ 30-4-2019 വരെ അറ്റകുറ്റപ്പണികളും നിർവ്വഹിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത് ഓഫീസിൽ നിന്നോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് യൂണിറ്റ് കുളത്തൂപ്പുഴ, പീരുമേട് ഓഫീസിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

നിബന്ധനകൾ

1. ജി. ഒ. (എം എസ്.) നമ്പർ 26/2017/F&WLD തീയതി 20-5-2017-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്.
2. ദർഘാസ് ഫോറവും (കൈമാറ്റം ചെയ്യാവുന്നതല്ല) മറ്റ് വിശദവിവരങ്ങളും ഈ ആഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില പണമായോ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ പേർക്കെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലായിരിക്കും. ദർഘാസ് ഫോറം വനം വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അപ്രകാരം ചെയ്യുകയാണെങ്കിൽ ദർഘാസ് ഫോറത്തിന്റെ വില ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്, പാർട്ട്-1 ദർഘാസിന്റെ കൂടെ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ദർഘാസ് ഫോറത്തിന്റെ വില ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. മറ്റ് ദർഘാസ് ഫോറത്തിന്റെ വിലയായി അഡ്ജസ്റ്റ് ചെയ്യുന്നതുമല്ല.
3. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കു മാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
4. ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകളും ദർഘാസ് വ്യവസ്ഥകളും വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് റിസർച്ച് സൗത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ചുള്ള എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.
5. ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ദർഘാസ് സമർപ്പിച്ചതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.
6. ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ പറയുന്ന പ്രകാരമോ ഒരു കിലോമീറ്റർ ഫയർലൈൻ എടുക്കുന്ന തിനുള്ള അടിസ്ഥാന നിരക്കിന്റെ ഇത്ര ശതമാനമോ എന്ന് ദർഘാസ് ഫോറത്തിലെ പ്രസക്ത കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്കായിരിക്കും പരിഗണിക്കുക. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ് (ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും കുറവാണെന്ന് വനം വകുപ്പ് കണ്ടെത്തുന്നപക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ 10% പരമാവധി ` 30,000 പ്രത്യേക/അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ല എന്നു കണ്ടെത്തുന്നപക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്).
7. ദർഘാസ് സമർപ്പിക്കുന്ന വ്യക്തി ദർഘാസിന്റെ എല്ലാ പേജുകളും ഉണ്ടെന്ന് ഉറപ്പുവരുത്തി സീൽ ചെയ്ത കവറിനു പുറത്ത് ജോലിയുടെ പേര് രേഖപ്പെടുത്തി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ പേർക്ക് 31-7-2018 പകൽ മൂന്ന് മണിക്കു മുൻപായി സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കേണ്ടതായ അവസാന തീയതി അവധിയായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം തൊട്ടടുത്ത ദിവസം അതേ സമയത്തും സ്ഥലത്തും സ്വീകരിക്കുന്നതായിരിക്കും.

8. നിശ്ചിത തീയതിയിലും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകളും പരിഗണിക്കുന്നതല്ല.

9. ഓരോ ടെണ്ടറിനോടുമൊപ്പം ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ചേർത്തിരിക്കേണ്ടതാണ്.

10. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

11. ലഭിച്ചിട്ടുള്ള ദർഘാസുകളുടെ ഒന്നാം ഭാഗം (പാർട്ട് 1) ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററോ ആഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ 31-7-2018-ന് പകൽ 3.30-ന് റിസർച്ച് സൗത്ത് ഡിവിഷൻ ഓഫീസിൽ വെച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

12. ദർഘാസുകളുടെ ഒന്നാംഭാഗം അംഗീകരിച്ചിട്ടുള്ള ദർഘാസുകാരുടെ ദർഘാസുകളുടെ രണ്ടാം ഭാഗം (നിരക്ക് രേഖപ്പെടുത്തിയത്) തുടർന്ന് തുറക്കുന്നതായിരിക്കും. രണ്ടാം ഭാഗം തുറക്കുന്ന തീയതിയും സമയവും ഒന്നാം ഭാഗം അംഗീകരിച്ച ഉടനെതന്നെ പ്രഖ്യാപിക്കുന്നതായിരിക്കും.

13. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെതന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

14. സാമ്പത്തിക നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസിന്റെ രണ്ടാം ഭാഗം തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ഒരു ദർഘാസുകാരനെയും അനുവദിക്കുന്നതല്ല.

15. കാലാകാലങ്ങളിൽ കേരള ഗവൺമെന്റ് നിശ്ചയിക്കുന്ന നികുതികൾ ഈ പ്രവൃത്തിക്കും ബാധകമാണ്.

16. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, പ്രസ്തുത വിവരം ടി വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖേന അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 7 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള ` 100 വിലയുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പുവയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽകൂടി നടത്തുന്നതായിരിക്കും. ആയതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്നപക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതുമാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം വീഴ്ച വരുത്തിയ ദർഘാസുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

17. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 10% സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി തൃപ്തികരമായി പൂർത്തിയാക്കി ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭിക്കുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

18. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ കോൺട്രാക്ട് പിരീഡിൽ വിൽക്കുകയോ പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

19. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ പരാതികളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

20. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിച്ചാലുടൻതന്നെ തിരികെ നൽകുന്നതാണ്.

21. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള അളവ് ഏകദേശം മാത്രമാണ്.

23. ഉടമ്പടി കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട കോൺട്രാക്ടർ ഫയർലൈൻ കരിയില വിമുക്തമായി സൂക്ഷിച്ച് തോട്ടം തീ കയറാതെ സംരക്ഷിക്കേണ്ടതാണ്.

24. ജോലി തൃപ്തികരമായി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് രണ്ടോ അതിലധികമോ തവണയായി ബിൽ തുക നൽകുന്നതാണ്. തുക നൽകുന്നത് ചെക്കായോ ഇ-പെയ്മെന്റ് ആയി മാത്രമോ ആയിരിക്കുന്നതാണ്.

25. താഴെപ്പറയും പ്രകാരം വിവിധ ഘട്ടങ്ങളിലായിട്ടായിരിക്കും കോൺട്രാക്ടർക്ക് തുക മാറി നൽകുന്നത്.

(1) ജോലികൾ പൂർത്തിയാക്കി ചെക്ക് മെഷർ ചെയ്തതിനുശേഷം കോൺട്രാക്ട് തുകയുടെ 80% ഒന്നാം ഘട്ടമായി നൽകുന്നതായിരിക്കും.

(2) 45 ദിവസം കഴിഞ്ഞ് പരിശോധനയ്ക്കുശേഷം രണ്ടാം ഗഡുവായി ബാക്കി 20% തുക നൽകുന്നതായിരിക്കും.

26. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് പ്രകാരം തുക നൽകുന്നതായിരിക്കും.

27. ദർഘാസ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് അംഗീകരിക്കാൻ പറ്റാത്തതാണെങ്കിൽ കോൺട്രാക്ട് സിസ്റ്റം അല്ലാതെ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

28. യാതൊരു കാരണവും കൂടാതെ ടെണ്ടർ റദ്ദാക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ റിസർച്ച് സൗത്തിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത് ഓഫീസിൽ നിന്നും (ഫോൺ: 0471-2368909) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

No. S1-434/2018. *29th June 2018.*

It is hereby notified for the information of the public that sealed tenders are invited from the registered forest contractors for executing the maintenance and Seed collection works of various research plots during 2018-19 in Kulathupuzha, Kodanad and Peerumedu Research unit under this Division as shown in the table below. The tender forms will be issued from the office of the Deputy Conservator of Forests (Research South) Division, Thiruvananthapuram, up to 1 p. m. on 31-7-2018 on remitting the cost of tender form. The filled up and sealed tender in full form with sufficient EMD can be submitted up to 3 p. m. on 31-7-2018. The tender will be opened at 3.30 p.m. on the same day at the office of the Deputy Conservator of Forests (Research South) Division, Thiruvananthapuram.

In case the notified date happens to be a public holiday, the tender will be conducted on 3-8-2018 and 7-8-2018 at the notified place and time, as per the same conditions. The Deputy Conservator of Forests (Research South) Division, Thiruvananthapuram reserves the power to exclude or postpone the tender on specific reasons.

Schedule

| *Sl. No.* | *Tender No.* | *Name of Research Unit* | *Name of work* | *Quantity (in Km.)* | *EMD ₹* | *Cost of Tender Form+12% GST ₹* | *PAC ₹* |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | 15/2018-19 | Kulathupuzha | Maintenance works of<br>(1) 1998 Cane plot Kalamkavu<br>(2) 1998 Cane plot Mylamood<br>(3) 1999 Cane plot Anapalayam | 18.44 Ha | 4,482 | 705.6<br>(630+75.6) | 1,79,293 |
| 2 | 16/2018-19 | Kulathupuzha | Maintenance works of the following Research plots<br>(1) PMS plots of 1986, 1987 & 1988 Kalluvettankuzhy | 20 Ha | 20,559 | 1,843<br>(1,645+198) | 8,22,360 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 3 | 17/2018-19 | Kulathupuzha | Maintenance works of<br>(1) Parakkulam in Naduvathumoozhy range<br>(2) Vayakkara in Naduvathumoozhy range | 4 Ha | 5,000 | 705.6<br>(630+75.6) | 2,00,000 |
| 4 | 18/2018-19 | Peerumedu | Maintenance works of<br>1988 Thekkumala in Vadasserikkara range | 30 Ha | 13,750 | 1,232<br>(1,100+132) | 5,50,000 |
| 5 | 19/2018-19 | Peerumedu | Maintenance works of<br>1983 Paachotti in Mullaringad range | 50 Ha | 19,450 | 1,743<br>(1,556+187) | 7,78,000 |
| 6 | 20/2018-19 | Peerumedu | Maintenance works of<br>1967 Thekkumala in Vadasserikkara range | 15 Ha | 7,750 | 705.6<br>(630+75.6) | 3,10,000 |
| 7 | 21/2018-19 | Peerumedu | Maintenance works of<br>1980 Kudappanakulam in Vadasserikkara range | 25 Ha | 10,700 | 959<br>(856+103) | 4,28,000 |
| 8 | 22/2018-19 | Peerumedu | Maintenance works of<br>Assisted natural regeneration of sandal by seed dibbling in sandal reserve 54 in Marayoor range | 18 Ha | 11,625 | 1,042<br>(930+112) | 4,65,000 |
| 9 | 23/2018-19 | Peerumedu | Maintenance & Seed collection works of<br>(1) 1980 Sandal regeneration trial plot, Anakkalpetty<br>(2) 1982 Sandal seed stand, Naachivayal<br>(3) 1980-81 Sandal seed stand, Anakkalpetty<br>(4) 1981 Sandal seed stand, Anakkalpetty<br>(5) 1982 Sandal regeneration trial plot, Naachivayal<br>(6) 1983 Sandal seed stand, Naachivayal<br>(7) 1985 Sandal seed stand, Anakkalpetty<br>(8) 1985 Sandal seed stand, Naachivayal<br>(9) 1987 Sandal Regeneration trial plot, Anakkalpetty | 34.6 Ha | 14,162 | 1,256<br>(1,133+136) | 5,66,477 |
| 10 | 24/2018-19 | Peerumedu | Maintenance works of<br>(1) Thencodam Bit I in Kaaliyar range<br>(2) Thencodam Bit II in Kaaliyar range | 2 Ha | 5,000 | 705.6<br>(630+75.6) | 2,00,000 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 11 | 25/2018-19 | Kodanad | Maintenance works of (1) Barbed wire fencing around 2005 Gene bank of indigenous varieties of fruit bearing trees plot at Chully | 450 M | 1,720 | 705.6 (630+75.6) | 68,800 |

The last date and time of sale of tender forms—31-7-2018 upto 1 p. m.

Date and time of receipt of tender—31-7-2018 up to 3 p. m.

Date and time of opening of tender—31-7-2018 upto 3.30 p. m.

Alternate dates—3-8-2018 and 7-8-2018.

Place of tender—Office of the Deputy Conservator of Forests (Research South) Division, Thiruvananthapuram.

Period of contract—6 months from the date of agreement. Subsequent maintenance works till 30-4-2019.

Further details can be had from the Office of the Deputy Conservator of Forests (Research South), Thiruvananthapuram and Research Unit Kulathupuzha & Peerumedu.

CONDITIONS

1. All conditions in the G.O. (Ms.) No. 26/17/F&WLD dated 20-5-2017 will be applicable to this tender.

2. Tender form (Appendix 9) and other details (Not transferable) can be obtained from Deputy Conservator of Forest (Research South) Office on payment of cash or by Demand Draft (DD) drawn in favour of Deputy Conservator of Forests (Research South), Thiruvananthapuram payable on any Scheduled/Nationalized Bank. The cost of tender form will be fixed by Government from time to time. The application can also be downloaded from the official website of Kerala Forest Department and if the forms are downloaded from the website the cost of tender documents should be attached along with Deputy Director from a Nationalized/ Scheduled Bank as mentioned above, along with Part I Tender. The cost of tender forms once paid will be neither refundable on any account, not be adjusted towards cost of any other tender forms.

3. The tender form shall be used only by the person in whose name it is issued and for the work specified in the schedule attached to the tender form.

4. Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Deputy Conservator of Forests (Research South) Office on any working day during office hours. They are also requested to study the detailed tender conditions attached to the tender document. Any plea of ignorance of the agreement conditions or any complaint regarding the said conditions received after the time of tender will not be entertained.

5. Before submitting the tender the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.

6. The tenderer shall quote a firm percentage of the PAC or as in the Schedule both in figures as well as in words in the appropriate column in the tender form. In the case of quoting different total amount in words and figures, least of the same will be considered valid and shall be binding on him/her.

7. The tenderer shall submit the filled up tender form together with all the pages intact in a sealed cover addressed to "The Deputy Conservator of Forests (Research South) Division, Thiruvananthapuram" and superscribed "Tender for.....................(Name of work as specified in the first part of tender notice)'' so as to reach this office as specified in the first part tender notice.

8. Tender received after the specified date and time or received without the requisite enclosures or tenders not written up in proper order or form will not be honoured.

9. Each tender shall be accompanied by a demand draft of a Nationalized/Scheduled Bank for the amount specified against each work as per the notification in favour of the Deputy Conservator of Forests (Research South) Office, Thiruvananthapuram, as Earnest Money Deposit for the work.

10. SSI Units are exempted from remitting EMD, such units should produce necessary eligiblility certificates obtained from the Manager, District Industries Centre concerned.

11. All the corrections in the tender form shall be initialed by the tenderer himself.

12. Part I of the tenders received in due time will be opened by the Deputy Conservator of Forests or his Deputy at the time specified in the first part of tender notice in the presence of such of the tenderers present on that occasion.

13. Part II tenders (price bid) of the tenderers whose Part I tenders have been accepted only will be opened on the scheduled date of tender.

14. The lowest tender will ordinarily be accepted, but the authority competent to accept the tender reserves the power of accepting or rejecting any tender without assigning any reason thereof.

15. No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.

16. All the taxes prevailing at the time is applicable to this tender.

17. The tenderer whose tender is accepted will be informed regarding acceptance of his tender by a Confirmation Order issued through registered letter bearing the address mentioned in the tender. The successful tenderer, within seven days of receipt of confirmation of his tender, shall have to execute an agreement in the prescribed form (Appendix 11) on a proper non-judicial stamp paper (worth ` 100) to be supplied by him at his cost. If the contractor fails to execute the agreement during the period, the tender will be cancelled, and the Earnest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be carried out at the risk and cost of the tenderer or through any other method (including through the next higher tenderer). The loss, if any, to the Government consequent to the default, if not paid by the defaulter within a reasonable time specified by the Deputy Conservator of forests shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue Recovery Act 1968 and in such other manner as the Government may deem fit. The defaulter however will not be entitle for gain, if any.

18. The successful tenderer while signing the agreement shall furnish a security deposit for an amount equal to 10 percent of the Total Probable Amount of Contract. The security deposit will be released only after the successful completion of the contract work and after producing the Non Liability Certificate from the concerned officers.

19. The successful tenderer shall given an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.

20. The post-offers and representations sent, after receipt of the tender in respect of the work shall not be considered on any grounds.

21. The Earnest Money Deposit of the unsuccessful tenderers will be returned as soon as possible after the tenders are finalized.

22. The quantities of work shown in the schedule are approximate and it may vary on actual execution of work.

23. The details shown in the tender schedule is approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.

24. The contractor has to keep the fire line free from leaf litters throughout the contract period.

25. Payment in two installments will be made to the contractor on specific request and on submission of bill in the prescribed format at the following stages provided the condition specified are achieved. Payment will be made through crossed cheques or e- payment only.

26. Different stages at which payment will be made to the Contractor for fire line certain works are as follows:

(i) First part payment upto 80% of the agreed amount after proper completion of the work as specified.

(ii) Second part payment up to 100% of the agreed amount will be after 45 days of completion of fire line creation works provided the entire fire line is maintained properly, free from leaf litters.

27. It shall be open to the Deputy Conservator of Forests to cancel/reduce the quantity of works to be executed in the attached schedule based on site conditions and the Deputy Conservator of Forests decision will be binding on the successful tenderer. If any additional item/s work which are not included in the schedule are required to be carried out inevitably for reasons to be recorded, in the contract area during the course of contract period, the successful tenderer is bound to execute that work for which payment worked out as per forest schedule rate for such item will be made at the agreed rate in the contract. The cost of the work will be worked out as per the prevailing forest schedule of rate.

28. Kerala Forest Department reserves the right to execute the work through any other mode of execution other than through contract system if the tender offered by the contractors is not feasible according to the Department.

29. The undersigned reserves the right to cancel the tender without assigning any reason.

Further details can be available from Deputy Conservator of Forests (Research South), Thiruvananthapuram and the Telephone No. 0471-2368909 on working days.

Office of the Deputy Conservator of Forests,
Thiruvananthapuram.

(Sd.)
*Deputy Conservator of Forests (Research South).*

---

## അച്ചൻകോവിൽ ഡിവിഷൻ

### ഇ-ലേല പരസ്യം

നമ്പർ എ1-2729/2018. 2018 ജൂൺ 25.

അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിൽപ്പെട്ട 1974 കാനയാർ തേക്ക് തോട്ടം, കല്ലാർ റെയിഞ്ചിലെ 1970 ആലപ്പാടി തേക്ക് തോട്ടം, അച്ചൻകോവിൽ റെയിഞ്ചിലെ 1953 കമ്പിലൈൻ ബിറ്റ്-1 തേക്ക് തോട്ടം, 1968 ശവക്കോട്ട ബിറ്റ് 1 & 2 മാച്ച്വുഡ് തോട്ടം, 1969 കൂരാംപാറ ബിറ്റ് 1 മാച്ച്വുഡ് തോട്ടം എന്നിവിടങ്ങളിൽനിന്നും ഇടവെട്ടിലൂടെയും അന്തിമവെട്ടിലൂടെയും ശേഖരിച്ചതും ഇതോടൊപ്പം ചേർക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ നാലാംതരം തേക്ക് തടികൾ, വിവിധ ക്ലാസിൽപ്പെട്ട തേക്ക് കഴകൾ, തേക്ക് ബില്ലറ്റ്, പാഴ്മര വിറക് എന്നിവ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) അവർകളുടെ 21-11-2015-ലെ പ്രൊ (4)-26243/13-ാം നമ്പരായി 15-12-2015-ലെ 49-ാം നമ്പർ കേരള ഗസറ്റ് വാല്യം 4-ൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ്/ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s MSTC, Ltd. www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ, ടി ഇ-ലേലത്തിന് മുൻപുവരെ ശേഖരിച്ച് അട്ടിവയ്ക്കുന്ന ഉൽപ്പന്നങ്ങളും ടി

ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിനുമുമ്പ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ-പേയ്മെന്റ്/ഇ-ട്രഷറി/ഡിമാന്റ് ഡ്രാഫ്റ്റ്/എം.എസ്.റ്റി.സി. ലിമിറ്റഡ് വഴി കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കുകൊള്ളുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. വിജയിക്കുന്ന ഇ-ലേലക്കാരൻ, ഇ-ലേലതുകയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട ഉൽപ്പന്നങ്ങളുടെ തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ച് നൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് എന്തെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ ആയത് ലേലക്കാരൻ നൽകേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി.എസ്.ടി., വനവികസന നികുതി, വരുമാന നികുതി, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്നതിനായി സമർപ്പിക്കുന്ന നിരതദ്രവ്യം SBT യുടെ Internet Online Banking വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു. എല്ലാ ഇ-ലേലപ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേലപ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ എൻ.ഐ.സി.-യിൽ നിന്നോ www.mstcecommerce.com വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Helpdesk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ഇ-ലേല പ്രമാണങ്ങളോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേലപ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽനിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി ഉൽപ്പനങ്ങളുടെ ഗുണനിലവാരവും അളവും നേരിൽ കണ്ട് ബോധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്ക് മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. വിൽപ്പനയ്ക്ക് വച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്നപക്ഷം ആയത് കഴിച്ചുള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിൽക്കുകയുള്ളൂ. തോട്ടത്തിലെ ജോലികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ലേലത്തിന് മുമ്പുവരെ ഡമ്പിംഗ് ഡിപ്പോയിൽ ഇറക്കി ലോട്ട് ചെയ്യുന്ന ഉൽപ്പന്നങ്ങൾ കൂടി ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും.

പട്ടിക

| ക്രമ നമ്പർ | റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടി വച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ വിവരം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | അച്ചൻകോവിൽ | 1953 കമ്പിലൈൻ ബിറ്റ്-1 തേക്ക് തോട്ടം | പള്ളിമുണ്ടാൻ ഡമ്പിംഗ് ഡിപ്പോ | പാഴ്മര വിറക് | 5.05 MT | 1 ലോട്ട് |
| 2 | അച്ചൻകോവിൽ | 1968 ശവക്കോട്ട ബിറ്റ്-1 & 2 മാച്ച് വുഡ് തോട്ടം | പള്ളിമുണ്ടാൻ ഡമ്പിംഗ് ഡിപ്പോ | നാലാം തരം തേക്ക് തടികൾ | 13.209 $M^3$ | 3 ലോട്ടുകൾ |
| | | | | മൂന്നാം തരം തേക്ക് കഴകൾ | 700 Nos. | 7 ലോട്ടുകൾ |
| | | | | നാലാം തരം തേക്ക് കഴകൾ | 200 Nos. | 1 ലോട്ട് |
| | | | | തേക്ക് ബില്ലറ്റ് | 191.1 MT | 15 ലോട്ടുകൾ |
| | | | | പാഴ്മര വിറക് | 162 MT | 13 ലോട്ടുകൾ |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 3 | അച്ചൻകോവിൽ | 1969 കൂരാംപാറ ബിറ്റ്-1 മാച്ച് വുഡ് തോട്ടം | പള്ളിമുണ്ടാൻ ഡമ്പിംഗ് ഡിപ്പോ | നാലാം തരം തേക്ക് തടികൾ | 65.015 $M^3$ | 16 ലോട്ടുകൾ |
| | | | | രണ്ടാം തരം തേക്ക് കഴകൾ | 400 Nos. | 8 ലോട്ടുകൾ |
| | | | | മൂന്നാം തരം തേക്ക് കഴകൾ | 1700 Nos. | 17 ലോട്ടുകൾ |
| | | | | നാലാം തരം തേക്ക് കഴകൾ | 1000 Nos. | 5 ലോട്ടുകൾ |
| | | | | അഞ്ചാം തരം തേക്ക് കഴകൾ | 823 Nos. | 3 ലോട്ടുകൾ |
| | | | | തേക്ക് ബില്ലറ്റ് | 170.15 MT | 14 ലോട്ടുകൾ |
| | | | | പാഴ്മര വിറക് | 817.15 MT | 56 ലോട്ടുകൾ |
| 4 | കാനയാർ | 1974 കാനയാർ ബിറ്റ്-1 തേക്ക് തോട്ടം | 1968 റോസ്‌വുഡ് പ്ലാന്റേഷൻ | മൂന്നാം തരം തേക്ക് കഴകൾ | 200 Nos. | 2 ലോട്ടുകൾ |
| | | | | അഞ്ചാം തരം തേക്ക് കഴകൾ | 1065 Nos. | 3 ലോട്ടുകൾ |
| 5 | കല്ലാർ | 1970 ആലപ്പാടി തേക്ക് തോട്ടം | ആനകുത്തി ഡമ്പിംഗ് ഡിപ്പോ | നാലാം തരം തേക്ക് തടികൾ | 129.864 $M^3$ | 37 ലോട്ടുകൾ |
| | | | | രണ്ടാം തരം തേക്ക് കഴകൾ | 1283 Nos. | 26 ലോട്ടുകൾ |
| | | | | മൂന്നാം തരം തേക്ക് കഴകൾ | 3483 Nos. | 35 ലോട്ടുകൾ |
| | | | | നാലാം തരം തേക്ക് കഴകൾ | 2575 Nos. | 13 ലോട്ടുകൾ |
| | | | | അഞ്ചാം തരം തേക്ക് കഴകൾ | 956 Nos. | 3 ലോട്ടുകൾ |
| | | | | തേക്ക് ബില്ലറ്റ് | 184.65 MT | 17 ലോട്ടുകൾ |

ഇ-ലേല തീയതികൾ—17-7-2018, 18-7-2018, 20-8-2018, 21-8-2018, 19-9-2018, 20-9-2018.

നിരതദ്രവ്യം:

തേക്ക് തടികൾ—` 50,000.

തേക്ക്കഴ, പാഴ്മര വിറക്—` 20,000.

ഇ-ലേലത്തിൽ ഏറ്റവും കൂടിയ ഉചിതമായ തുക രേഖപ്പെടുത്തുന്ന ലേലക്കാരുടെ പേരിൽ ഇ-ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

ഇ-ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ബാംഗ്ലൂർ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെയോ കല്ലാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെയോ കാനയാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെയോ കാര്യാലയത്തിൽനിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ—0475-2342315

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ—0475-2342530

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കല്ലാർ—0475-2342551

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കാനയാർ—0475-2342532.

No. A1-2729/2018. *25th June 2018.*

It is hereby notified that Teak timber IV, Teak timber (below 60 cm), Teak Poles, Teak billet & Jungle wood fire wood collected through final thinning & final felling from 1974 Teak Plantation at Kanayar in Kanayar Range, 1953 TP Kambiline, Bit-II, 1968 MW Plantation at Savacotta and 1969 MW Plantation Koorampara in Achencovil Range and 1974 TP Alappady in Kallar Range will be sold through e-Auction as shown in the schedule, by M/s. MSTC Ltd, Bangalore, subject to the conditions published by the M/s. MSTC Ltd. and in the Kerala Gazette No. 49 Vol. IV dated 15-12-2015 vide Notification No. Pro. (4) 26243/13 dated 21-11-2015 of the Additional Principal Chief Conservator of Forests (P) Thiruvananthapuram and other conditions prevalent in the Forest Department. Besides the quantity shown in the schedule, the quantity if any delivered to dumping depots before the date of e-auction and that could be lotted immediately before the e-auction will also be placed in the proposed e-auction. Those who wish to participate in the e-auction have to remit EMD as shown below as e-payment before the e-auction through MSTC limited. Registration number of the bidder should be entered while remitting the EMD amount. Bidders those who are registered and have remitted the EMD before the e-auction will be permitted to take part in the e-auction. Successful bidders will have to remit 35% of the bid amount within 7 (seven) days after obtaining the confirmation of e-auction sale from MSTC. If any successful bidder fails to remit the 35% amount within the stipulated time, the EMD will be forfeited to Govt. and which is non-refundable under any circumstances. If any of the Banks demand a commission for converting the Demand Draft to cash, the bidder will have to suffer the commission charges. Successful bidders will also have to remit the balance value, Forest Development Tax, GST, Income Tax and such other taxes that are prevailing at the time of e-auction within the stipulated time limit.

e-Auction documents and connected records are available in the website: www.mstcecommerce.com. The Earnest Money Deposit should be submitted on e-payment/e-treasury/demand draft/MSTC through the internet online banking of SBT or through NEFT for other banks. For submission of e-auction visit the website: www.mstcecommerce.com. The e-auction documents submitted manually /through post will not be entertained.

Online e-Auction/bids are to be accompanied with relevant documents. Any further clarification on this e-Auction can be obtained from NIC/the e-Auction Helpdesk number available in the website www.mstcecommerce.com and from the office of the Divisional Forest Officer, Achencovil during the office hours. The details regarding e-Payment (Bidder's Bank Account No. where he/she is having core banking facility and email id) should be submitted along with the e-Auction documents. E-Auction documents without these details will not be accepted. The Forest Department will not be responsible for any inconvenience or loss to the Bidder while uploading/downloading the documents.

The bidders who wish to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned village officer, or any other approved identity documents along with the EMD through online. Those who do not produce any approved identity card or certificate will not be eligible to participate in the e-auction.

Intending persons may ensure the quantity and quality of materials put up for e-auction before the commencement of the same and no complaints will be entertained after the e-auction. In case any Govt. Department requires any of the materials put up for the e-auction, the quantity remaining after their selection only will be re-auctioned. The quantity that may become ready for sale after the publication of this notification will also be included in the e- auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this e- auction. The unsold materials in the e-auction will be re-auctioned.

Further details and information can be had from this office or the concerned Range Offices, Achencovil, Kallar & Kanayar during working hours.

Schedule

| *Sl. No.* | *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | Achencovil | 1953 TP Kambiline | Pallimundan Dumping Depot | JWFW | 5.05 MT | 1 Lot |
| 2 | Achencovil | 1968 MW Savacotta Bit-I & II | Pallimundan Dumping Depot | Teak timber IV | 13.209 $M^3$ | 3 Lots |
| | | | | Teak Poles III | 700 Nos. | 7 Lots |
| | | | | Teak Poles IV | 200 Nos. | 1 Lot |
| | | | | Teak Billet | 191.1 MT | 15 Lots |
| | | | | JWFW | 162 MT | 13 Lots |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 3 | Achencovil | 1969 MW Koorampara Bit-I | Pallimundan Dumping Depot | Teak timber IV | 65.015 $M^3$ | 16 Lots |
| | | | | Teak Poles IIC | 400 Nos. | 8 Lots |
| | | | | Teak Poles III | 1700 Nos. | 17 Lots |
| | | | | Teak Poles IV | 1000 Nos. | 5 Lots |
| | | | | Teak Poles V | 823 Nos. | 3 Lots |
| | | | | Teak Billet | 170.15 MT | 14 Lots |
| | | | | JWFW | 817.15 MT | 56 Lots |
| 4 | Kanayar | 1974 TP Kanayar Bit-I | 1968 Rose wood Plantation | Teak Poles III | 200 Nos. | 2 Lots |
| | | | | Teak Poles V | 1065 Nos. | 3 Lots |
| 5 | Kallar | 1970 TP Alappady | Anakuthy Dumping Depot | Teak Timber IV | 129.864 $M^3$ | 37 Lots |
| | | | | Teak Poles IIC | 1283 Nos. | 26 Lots |
| | | | | Teak Poles III | 3483 Nos. | 35 Lots |
| | | | | Teak Poles IV | 2575 Nos. | 13 Lots |
| | | | | Teak Poles V | 956 Nos. | 3 Lots |
| | | | | Teak Billet | 184.65 MT | 17 Lots |

Date of E-auction—17-7-2018, 18-7-2018, 20-8-2018, 21-8-2018, 18-9-2018, 19-9-2018

Earnest Money Deposit:

Timber—` 50,000

Teak poles & JWFW—` 20,000.

The e-auction will be knocked down in the name of the highest bidders.

Those who are interested to participate in the e-auction should be registered buyer online with MSTC Limited, Bangalore. Conditions for e-auction will be available at the website www.mstcecommerce.com.

Telephone No: Divisional Forest Office, Achencovil—0475 2342315
Range Forest Office, Achencovil—0475 2342530
Range Forest Office, Kallar—0475 2342551
Range Forest Office, Kanayar—0475 2342532

B. SANTHOSH KUMAR,
*Divisional Forest Officer*
(For and on behalf of the Governor of Kerala).

Divisional Forest Office,
Achencovil.

---

## ടിമ്പർ സെയിൽസ് ഡിവിഷൻ, പുനലൂർ

ഇ-ദർഘാസ് പരസ്യം

നമ്പർ റ്റി.എസ്.പി5-1017/2018. 2018 ജൂൺ 25.

കേരള വനം വകുപ്പിലെ പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷനിലെ പത്തനാപുരം ഡിപ്പോയിൽ കോമ്പൗണ്ട് വാൾ കെട്ടുന്നതിന് താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് പരിചയ സമ്പന്നരായ അംഗീകൃത കരാറുകാരിൽ നിന്നും പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഓൺലൈൻ ദർഘാസ് ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണ വില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. താമസിച്ച് സമർപ്പിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതല്ല.

ദർഘാസ് നമ്പർ—06/2018-19.

പ്രവൃത്തിയുടെ പേരും ഉദ്ദേശ അടങ്കൽ തുകയും—പത്തനാപുരം ഗവൺമെന്റ് തടി ഡിപ്പോയിലെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് ചുറ്റുമതിൽ നിർമ്മാണം—₹ 14,60,000

നിരതദ്രവ്യം—₹ 36,500.

ദർഘാസ് പ്രമാണത്തിന്റെ വില—₹ 2,625 + ജി. എസ്. റ്റി.(18%)

ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന—www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

കരാറുകാരുടെ ക്ലാസ്സ്—'സി'-യും അതിന് മുകളിലും.

ഡിവിഷൻ—പുനലൂർ തടിവിൽപ്പന വിഭാഗം.

പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി—കരാർ തീയതി മുതൽ 2 മാസം.

ദർഘാസ് പ്രമാണം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും—31-7-2018, 10 മണി.

ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കാവുന്ന അവസാന തീയതിയും സമയവും—9-8-2018 വൈകുന്നേരം 5 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—16-8-2018 ഉച്ചയ്ക്ക് 3.30 മണി.

ഓൺലൈൻ ടെണ്ടറിനോടൊപ്പം ₹ 200 വിലയുള്ള കേരള മുദ്രപേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രാഥമിക ഉടമ്പടി, സ്കാൻ ചെയ്ത മറ്റു രേഖകളുടെ പകർപ്പ് (PWD സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ) സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ബിഡ് കപ്പാസിറ്റി സർട്ടിഫിക്കറ്റ്, ഇ.എം.ഡി. ഒഴിവാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ) എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്തതും ഒറിജിനൽ ടെണ്ടർ തുറക്കുന്നതിനുമുമ്പ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിനും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല.

No. TSP5-1017/2018. *25th June 2018.*

The Divisional Forest Officer, Timber Sales Division, Punalur for and on behalf of the Governor of Kerala invites online tenders from registered bidders having a valid and active registration with PWD for the following works. Tender documents and tender schedules may be downloaded free of cost from the e-GP website www.etenders.kerala.gov.in. All bid/tender documents are to be submitted online only and in the designation online cover (s)/envelope(s) on the www.etenders.kerala.gov.in website. Bids shall be accepted only through online mode www.etenders.kerala.gov.in website and tenders submitted manually/through post will not be entertained. Late online bids will not be accepted.

Tender No.—06/2018-19.

Name of Work and Estimate Amount in Lakhs (aprox.)—Construction of Compound wall along South West side at Pathanapuram—₹ 14,60,000

EMD—₹ 36,500.

Cost of tender form—₹ 2,625 + GST (18%).

Sale of tender documents—can be downloaded from the website www.etenders.kerala.gov.in

Classification of bidder—'C' Class and above.

Name of Division—Divisional Forest Office, Timber Sales Division, Punalur.

Period of completion of work—2 months from the date of execution of agreement.

Date and time from which the tender will be available in website—31-7-2018, 10 a. m.

Last date and time of receipt of tender—9-8-2018, 5 p. m.

Date and time of opening of tender—16-8-2018, 3.30 p. m.

**Conditions**

1. Bidders shall remit the tender documents fee and Earnest Money Deposit using online payment option of e-procurement system only and submitted through the internet online banking of State Bank of Travancore or through NEFT for other Banks. Bidders opening for NEFT facility of online payment are advised to exercise this option at least 48 hours before the closing date of bid to ensure that payment towards tender document fees and EMD are credited and a confirmation is reflected in the e-procurement system. The online NEFT remittance

form provided by e-procurement system for making a NEFT transaction is not a payment confirmation. Kerala Forest Department/NIC/SBI shall not be responsible for any kind of delay in payment status confirmation.

2. Bidders are requested to submit scanned copy of the following documents—Registration Certificate duly attested by the Superintending Engineer/ Executive Engineer, PWD Kerala, EMD Exemption Certificate (if any), Preliminary Agreement executed in Kerala Stamp Paper worth ` 200, duly filled up to proforma for availing e-payment by online. Subsequently for hard copy of attested copy of Registration Certificate. EMD exemption certificate (if any), Preliminary Agreement in original would be submitted offline in a sealed cover superscribing the name of work and tender number to the office of the Divisional Forest Officer, Timber Sales Division, Punalur through Speed Post/Registered Post as prescribed in the time schedule, failing which such tenders will be rejected.

3. The bidding authority deserves the right to modify/ cancel any/all bids without assigning any reason. The Forest Department will not be responsible for any error like missing of scheduled data, while downloading by the bidder and non receipt of documents.

4. Any further clarification of this tender can be obtained from NIC/the e-tender help desk number available in the www.etenders.kerala.gov.in website and from this office during the office hours. The details regarding e-payment (bidder's Bank account number where he/she is having core banking facility and email ID) should be submitted along with the tender. Tenders without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers.

5. The Forest Department will not be responsible for any inconvenience or loss to the bidder while uploading/downloading the bid.

6. The tender/bids shall be opened online at the office of the Divisional Forest Officer, Punalur in the presence of bidders/their representatives who wish to attend the above address. If the tender opening date happens to be on a holiday or non working day due to any other valid reason, the tender opening process will be done on the next working day at same time and place.

7. All other existing conditions related to e-tendering of Kerala PWD will be applicable in this tender also.

Anil Antony,
*Divisional Forest Officer.*
(For and on behalf of the
Governor of Kerala).

Timber Sales Division,
Punalur.

## കോട്ടയം ഡിവിഷൻ

### ഇ-ലേല വിജ്ഞാപനം

നമ്പർ എ2-6000/2016.		2018 ജൂൺ 27.

കോട്ടയം ഡിവിഷനിലെ വിവിധ റെയിഞ്ചുകളിൽ വിവിധ കേസുകളിൽ പിടിച്ചെടുത്തതും സർക്കാരിലേക്ക് കണ്ടുകെട്ടലിനു വിധേയമായിട്ടുള്ളതും ഡിപ്പാർട്ടുമെന്റ് വാഹനം കണ്ടംചെയ്ത് ഉത്തരവായിട്ടുള്ളതും താഴെ പട്ടികയിൽ പ്രതിപാദിക്കുന്നതുമായ വാഹനങ്ങൾ 30-7-2018-ാം തീയതി കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥനോ 7-6-2014-ലെ 24-ാം നമ്പർ കേരള ഗസറ്റിൽ ഫോറസ്റ്റ് ഷീറ്റിൽ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നമ്പർ പി. സി. 2-4593/2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയ അതേ ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ അതാതു സമയത്ത് നിലവിലുള്ള മറ്റു നിയമങ്ങൾക്കും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുൻപ് നിരതദ്രവ്യം ഇ-പേയ്മെന്റ്, ഇ-ട്രഷറി/ ഡിമാന്റ് ഡ്രാഫ്റ്റ്, എം. എസ്. ടി. സി. ലിമിറ്റഡ് വഴി കെട്ടിവയ്ക്കേണ്ടതാണ്. വിജയിക്കുന്ന ഇ-ലേലക്കാരൻ ഇ-ലേലത്തിലൂടെ 35% തുക ഇ-ലേല ദിവസംതന്നെ ഇ-പേയ്മെന്റായി കെട്ടിവയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി.എസ്.റ്റി., ആദായ നികുതി, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-ലേലത്തിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി ഇ-ലേലത്തിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിക്കുവാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണ്.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിനു മുൻപ് സമർപ്പിക്കാത്തതുമായ ഇ-ലേലപ്രമാണങ്ങൾ നിരസിക്കപ്പെടുന്നതുമാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ NIC-യിൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help desk-ൽ നിന്നോ ഈ ആഫീസിൽ നിന്നോ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന്

ആവശ്യമായ വിവരങ്ങൾ ലേലക്കാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും ഇ-മെയിൽ അഡ്രസ്സും ഇ-ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. ലേലക്കാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേലപ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ-ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന വാഹനങ്ങൾ, വാഹനങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന റെയിഞ്ചുകളിൽ നേരിട്ട് വന്നുകണ്ട് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും മറ്റു വിശദവിവരങ്ങളും കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ഇ-ലേലത്തിനുശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ M.S.T.C. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ M.S.T.C. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അന്നേദിവസം ഇ-ലേലം നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സ്ഥലത്തുവച്ചും ഇതേ നിബന്ധനകൾക്ക് വിധേയമായും പുനർലേലം നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിലോ (ഫോൺ: 04812 562276) ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലോ പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാണ്. (കുമളി റെയിഞ്ച് ഫോൺ നമ്പർ—04869 222056, എരുമേലി റെയിഞ്ച് 04282 212230).

പട്ടിക

| ക്രമ നമ്പർ | വാഹനത്തിന്റെ വിവരം | സൂക്ഷിച്ചിരിക്കുന്ന റെയിഞ്ച്, ഫോറസ്റ്റ് ഓഫീസ് |
|---|---|---|
| 1 | KRK 6391 പിക്കപ്പ് ജീപ്പ് | കുമളി റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |
| 2 | KEV 7225 പിക്കപ്പ് ജീപ്പ് | കുമളി റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |
| 3 | KL 37A 7638 ഓട്ടോറിക്ഷ | കുമളി റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |
| 4 | KL 37C 5567 റിനോൾട്ട് ലോഡ്ജി | പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ട് |
| 5 | KL-05F 890 മഹീന്ദ്രാ ജീപ്പ് | വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ട് |
| 6 | KL-07 T 3406 മോട്ടോർ സൈക്കിൾ | പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ട് |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
കോട്ടയം.

ടി. സി. ത്യാഗരാജ്,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

## ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസ്, മൂന്നാർ

### പുനർ ദർഘാസ് പരസ്യം

നമ്പർ ഡബ്ലിയു.പി.എം.-10/2018. 2018 ജൂൺ 25.

കേരള ഗവർണ്ണർക്കുവേണ്ടി മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസർ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഡിവിഷനിൽ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി തേക്ക് പ്ലാന്റേഷനിൽ സർവ്വേ നടത്തുന്നതിനും 5% എന്യൂമറേഷൻ ചെയ്യുന്നതിനുമായ പ്രവൃത്തികൾക്ക് മൽസര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ദർഘാസുകൾ വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള [സർക്കാർ ഉത്തരവ് നമ്പർ G. O. (Ms.) 26/2017/F&WLD dated 20-5-2017] പ്രകാരം കരാറുകാരിൽ നിന്നും 9-8-2018-ാം തീയതി ഉച്ചയ്ക്കുശേഷം 2.30 മണിവരെ മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറുടെ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം ക്ഷണിച്ചുകൊള്ളുന്നു.

പട്ടിക

| ക്രമ നമ്പർ | ദർഘാസ് നമ്പരും പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | റെയിഞ്ച്/ സെക്ഷന്റെ പേര് | അളവ് (ഹെക്ടർ) | നിരതദ്രവ്യം ₹ | ദർഘാസ് ഫോറത്തിന്റെ വില ₹ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 01/2018-19—മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി തേക്ക് പ്ലാന്റേഷനിൽ സർവ്വേ നടത്തുന്നതിനും 5% എന്യൂമറേഷൻ ചെയ്യുന്നതുമായ പ്രവൃത്തികൾ— ₹ 1,95,000 | മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ (നേര്യമംഗലം റെയ്ഞ്ച് കരിമണൽ ഫോറസ്റ്റ് സ്റ്റേഷൻ) | 146 | 5,000 | 500 + GST (18%) |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 2 | 02/2018-19—മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി തേക്ക് പ്ലാന്റേഷനിൽ സർവ്വേ നടത്തുന്നതിനും 5% എന്യൂമറേഷൻ ചെയ്യുന്നതുമായ പ്രവൃത്തികൾ—` 1,00,000 | മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ (നേര്യമംഗലം റെയ്ഞ്ച് കരിമണൽ ഫോറസ്റ്റ് സ്റ്റേഷൻ) | 73 | 2,500 | 500 + GST (18%) |
| 3 | 03/2018-19—മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി തേക്ക് പ്ലാന്റേഷനിൽ സർവ്വേ നടത്തുന്നതിനും 5% എന്യൂമറേഷൻ ചെയ്യുന്നതുമായ പ്രവൃത്തികൾ—` 1,75,000 | മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ (അടിമാലി റെയ്ഞ്ച്, മച്ചിപ്ലാവ് ഫോറസ്റ്റ് സ്റ്റേഷൻ, പൊന്മുടി സെക്ഷൻ) | 133 | 4,500 | 500 + GST (18%) |

ദർഘാസ് ഫോറത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—9-8-2018 ഉച്ചയ്ക്കുശേഷം ഒരു മണി.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—9-8-2018 ഉച്ചയ്ക്കുശേഷം 2.30 മണി.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും—9-8-2018 ഉച്ചയ്ക്കുശേഷം 3 മണി.

ഏതെങ്കിലും കാരണവശാൽ 9-8-2018-ാം തീയതി അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതാണ്.

കാലയളവ്—ഉടമ്പടി കാലാവധി തീയതി മുതൽ 90 ദിവസത്തിനകം.

കൂടുതൽ വിവരങ്ങൾ മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ കാര്യാലയത്തിൽ നിന്ന് പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

## നിബന്ധനകൾ

1. ജി.ഒ.(എം.എസ്.) നമ്പർ 26/2017/എഫ്&ഡബ്ല്യൂ.എൽ.ഡി തീയതി 20-5-2017 ഉൾക്കൊള്ളിച്ചുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.

2. ദർഘാസ് ഫോറവും (കൈമാറ്റം ചെയ്യാവുന്നതല്ല) മറ്റ് വിശദവിവരങ്ങളും ഈ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില പണമായോ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറുടെ പേർക്കെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലായിരിക്കും. ദർഘാസ് ഫോറം വനം വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്, പാർട്ട്-1 ദർഘാസിന്റെ കൂടെ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ദർഘാസ് ഫോറത്തിന്റെ വില ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. മറ്റ് ദർഘാസ് ഫോറത്തിന്റെ വിലയായി അഡ്ജസ്റ്റ് ചെയ്യുന്നതുമല്ല.

3. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കു മാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

4. ടെണ്ടർ സമർപ്പിക്കുന്നതിനു മുമ്പായി ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകളും ദർഘാസ് വ്യവസ്ഥകളും വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽനിന്നും ലഭ്യമാകുന്നതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ചുള്ള എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

5. ദർഘാസ് സമർപ്പിക്കുന്നതിനുമുൻപായി, ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ദർഘാസ് സമർപ്പിച്ചതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

6. ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ പറയുന്ന പ്രകാരമോ സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരംതിരിക്കലുമായ പ്രവൃത്തികൾ എടുക്കുന്നതിനുള്ള അടിസ്ഥാന നിരക്കിന്റെ ഇത്ര ശതമാനമോ എന്ന് ദർഘാസ് ഫോറത്തിലെ പ്രസക്ത കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്കായിരിക്കും പരിഗണിക്കുക. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. (ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും കുറവാണെന്ന് വനം വകുപ്പ് കണ്ടെത്തുന്നപക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ 10% പരമാവധി ` 30,000 പ്രത്യേക/അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ല എന്നു കണ്ടെത്തുന്നപക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.)

7. ദർഘാസ് സമർപ്പിക്കുന്ന ആൾ ദർഘാസിന്റെ എല്ലാ പേജുകളും ഉണ്ടെന്ന് ഉറപ്പുവരുത്തി സീൽ ചെയ്ത കവറിനു പുറത്ത് ജോലിയുടെ പേര് രേഖപ്പെടുത്തി മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറുടെ പേർക്ക് 9-8-2018 പകൽ 2.30 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കേണ്ടതായ അവസാന തീയതി അവധിയായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം തൊട്ടടുത്ത ദിവസം അതേ സമയത്തും സ്ഥലത്തും സ്വീകരിക്കുന്നതായിരിക്കും.

8. നിശ്ചിത തീയതിയിലും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകളും പരിഗണിക്കുന്നതല്ല.

9. ഓരോ ടെണ്ടറിനോടുമൊപ്പം ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ചേർത്തിരിക്കേണ്ടതാണ്.

10 ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

11. ലഭിച്ചിട്ടുള്ള ദർഘാസുകളുടെ ഒന്നാം ഭാഗം (പാർട്ട് 1) മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറോ/ ചുമതലപ്പെടുത്തുന്ന വ്യക്തിയോ 9-8-2018-ന് പകൽ 3-ന് മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

12. ദർഘാസുകളുടെ ഒന്നാം ഭാഗം അംഗീകരിച്ചിട്ടുള്ള ദർഘാസുകാരുടെ ദർഘാസുകളുടെ രണ്ടാം ഭാഗം (നിരക്ക് രേഖപ്പെടുത്തിയത്) തുടർന്ന് തുറക്കുന്നതായിരിക്കും. രണ്ടാം ഭാഗം തുറക്കുന്ന തീയതിയും സമയവും ഒന്നാം ഭാഗം അംഗീകരിച്ച ഉടനെതന്നെ പ്രഖ്യാപിക്കുന്നതായിരിക്കും.

13. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

14. സാമ്പത്തിക നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസിന്റെ രണ്ടാം ഭാഗം തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ഒരു ദർഘാസുകാരനേയും അനുവദിക്കുന്നതല്ല.

15. കാലാകാലങ്ങളിൽ കേരളാ ഗവൺമെന്റ് നിശ്ചയിക്കുന്ന നികുതികൾ ഈ പ്രവർത്തികൾക്കും ബാധകമാണ്.

16. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, പ്രസ്തുത വിവരം ടി വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്റ്റേർഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 7 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള ` 200 വിലയുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പുവയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതായിരിക്കും. ആയതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്നപക്ഷം ആയത് ആദ്യ ദർഘാസുകാരൻ മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസർ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതുമാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം വീഴ്ച വരുത്തിയ ദർഘാസുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

17. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 10% രൂപ സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി തൃപ്തികരമായി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭിക്കുന്ന ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

18. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

19. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ പരാതികളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

20. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിച്ചാൽ ഉടൻതന്നെ തിരികെ നൽകുന്നതാണ്.

21. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തുവരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള അളവ് ഏകദേശം മാത്രമാണ്.

23. ജോലി തൃപ്തികരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് നിശ്ചിത പ്രെഫോർമയിൽ പ്രവൃത്തി ബിൽ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കോൺട്രാക്ടർക്ക് തുക ഇ-പെയ്മെന്റ് ആയി മാത്രം നൽകുന്നതാണ്.

24. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസർക്ക് അധികാരമുണ്ടായിരിക്കും.

ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് പ്രകാരം തുക നൽകുന്നതുമായിരിക്കും.

25. ദർഘാസ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് അംഗീകരിക്കാൻ പറ്റാത്തതാണെങ്കിൽ കോൺട്രാക്ട് സിസ്റ്റം അല്ലാതെ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

26. യാതൊരു കാരണവും കൂടാതെ ടെണ്ടർ റദ്ദാക്കുന്നതിനുള്ള പൂർണ്ണമായ അധികാരം മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഡിവിഷണൽ ഓഫീസിൽ നിന്നും (ഫോൺ: 04862 240285) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

No. WPM-10/2018. *25th June 2018.*

It is hereby notified for the information of the public that sealed tenders are invited from the registered forest contractors for executing Survey and 5% enumeration in various Teak Plantation for the preparation of Working Plan of Munnar Forest Division during 2018-19. The tender forms will be issued from the office of the Forest Working Plan Office, Munnar upto 1 p.m. on 9-8-2018 on remitting the cost of tender form cost GST (18%) as shown below. The filled up and sealed tender in full form with sufficient EMD can be submitted up to 2.30 p.m. on 9-8-2018. The tender will be opened at 3 p.m. on the same day at the office of the Forest Working Plan Division Office, Munnar.

In case the notified date happens to be a public holiday, the tender will be conducted on the next working day at the notified place and time, as per the same conditions. The Forest Working Plan Officer, Munnar reserves the power to exclude or postpone the tender on specific reasons.

Schedule

| *Sl. No.* | *Name of Range/Section* | *Tender No., Name of work and amount of contract* | *Extent (Ha.)* | *EMD ₹* | *Cost of tender form ₹* |
|---|---|---|---|---|---|
| 1 | Munnar Forest Division, Neriyamangalam Range, Karimanal Forest Station | 01/2018-19—Survey and 5% enumeration in various Teak Plantation for the preparation of revised Working Plan of Munnar Forest Division—₹ 1,95,000 | 146 | 5,000 | 500 + GST (18%) |
| 2 | Munnar Forest Division, Neriyamangalam Range, Karimanal Forest Station | 02/2018-19—Survey and 5% enumeration in various Teak Plantation for the preparation of revised Working Plan of Munnar Forest Division—₹ 1,00,000 | 73 | 2,500 | 500 + GST (18%) |
| 3 | Munnar Forest Division, Adimaly Range, Machiplavu FS, Ponmudy Section | 03/2018-19—Survey and 5% enumeration in various Teak Plantation for the preparation of Working Plan of Munnar Forest Division—₹ 1,75,000 | 133 | 4,500 | 500 + GST (18%) |

Period of Contract—90 days from the date of agreement.

**Conditions**

1. All the conditions in the G. O. (Ms.) No. 26/2017/F&WLD dated 20-5-2017 will be applicable to this tender.
2. Tender form (Appendix 9) and other details (Not transferable) can be obtained from Forest Working Plan Office, Munnar on payment of cash or by Demand Draft (DD) drawn in favour of Forest Working Plan Officer, Munnar payable on any Scheduled/Nationalized Bank. The cost of tender form will be fixed by the Government from time to time. The application form can also be downloaded from the official website of Kerala Forest Department and

if the forms are downloaded from the website the cost of tender documents should be attached along with DD from a Nationalized/Scheduled Bank as mentioned above, along with Part I tender. The cost of tender forms once paid will be neither refundable on any account, nor be adjusted towards cost of any other tender forms.

3. The tender form shall be used only by the person in whose name it is issued and for the work specified in the Schedule attached to the tender form.

4. Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Forest Working Plan Office, Munnar on any working day during office hours. They are also requested to study the detailed tender conditions attached to the tender document. Any plea of ignorance of the agreement conditions or any complaint regarding the said conditions received after the time of tender will not be entertained.

5. Before submitting the tender, the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reasons will be entertained thereafter.

6. The tenderer shall submit the filled up tender form together with all the pages intact in a sealed cover addressed to “The Forest Working Plan Officer, Munnar” and superscribed Tender for (Name of work — as specified in the first part of tender notice) so as to reach this office as specified in the first part of tender notice.

7. Tender received after the specified date and time or received without the requisite enclosures or tenders not written up in proper order or form will not be honoured.

8. Each tender shall be accompanied by a Demand Draft of a Nationalized/Scheduled Bank for the amount specified against each work as per the notification in favour of the Forest Working Plan Offficer, Munnar as Earnest Money Deposit for the work.

9. SSI Units are exempted from remitting EMD. Such units should produce necessary eligibility certificates obtained from the Manager, District Industries Centre concerned.

10. All the corrections in the tender form shall be initialed by the tenderer himself.

11. Part I of the tenders received in due time will be opened by the Forest Working Plan Officer, Munnar or his deputy at the time specified in the first part of tender notice in the presence of such of the tenderers present on that occasion.

12. Part II tenders (price bid) of the tenderers whose Part I tenders have been accepted only will be opened on the scheduled date of tender.

13. The lowest tender will ordinarily be acccpted, but the authority competent to accept the tender reserves the power of accepting or rejecting any tender without assigning any reason thereof.

14. No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.

15. All the taxes prevailing at the time is applicable to this tender.

16. The tenderer whose tender is accepted will be informed regarding acceptance of his tender by a Confirmation Order issued through registered letter bearing the address mentioned in the tender. The successful tenderer, within seven days of receipt of confirmation of his tender, shall have to execute an agreement in the prescribed form (Appendix 11) on a proper Non-Judicial Stamp Paper (worth ` 200) to be supplied by him at this cost. If the Contractor fails to execute the agreement during the period, the tender will be cancelled, and the Earnest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be carried out at the risk and cost of the tenderer or through any other method (including through the next higher tenderer). The loss, if any, to the Government consequent to the default, if not paid by the defaulter within a reasonable time specified by the Forest Working Plan Officer, Munnar, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue Recovery Act 1968 and in such other manner as the Government may deem fit. The defaulter however will not be entitled for gain, if any.

17. The successful tenderer while signing the agreement shall furnish a security deposit for an amount equal to 10% of the total Probable Amount of Contract. The security deposit will be released only after the successful completion of the contract work and after producing the Non Liability Certificate from the concerned officers.

18. The successful tenderer shall give an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.

19. The post-offers and representations sent, after receipt of the tender in respect of the work shall not be considered on any grounds.

20. The Earnest Money Deposit of the unsuccessful tenderers will be returned as soon as possible after the tenders are finalized.

21. The quantities of work shown in the Schedule are approximate and it may vary on actual execution of work.

22. The details shown in the tender schedule is approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.

23. On successful completion of work, the payment will be made to the contractor on submission of the bill in the prescribed format. The payment will be made through e-payment only.

24. It shall be open to the Forest Working Plan Officer, Munnar to cancel/reduce the quantity of work to be executed in the attached schedule based on site conditions and the Forest Working Plan Officer, Munnar decision will be binding on the successful tenderer. If any additional item/s of work which are not included in the schedule are required to be carried out inevitably for reasons to be recorded, in the contract area during the course of contract period, the successful tenderer is bound to execute that work for which payment worked out as per forest schedule rate for such item will be made at the agreed rate in the contract. The cost of the work will be worked out as per the prevailing forest schedule of rate.

25. Kerala Forest Department reserves the right to execute the work through any other mode of execution other than through contract system if the tender offered by the contractors is not feasible according to the department.

26. The undersigned reserves the right to cancel the tender without assigning any reason.

Further details can be available from Forest Working Plan Division Office, Munnar and in Telephone No. 04862-240285 on working days.

Shantri Tom,
*Forest Working Plan Officer*
(For and on behalf of the Governor of Kerala).

Forest Working Plan Office,
Munnar.

---

## വാഴച്ചാൽ ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ സി4-5129/2017. 2018 ജൂൺ 22.

വാഴച്ചാൽ ഡിവിഷനിലെ അതിരപ്പിള്ളി റെയിഞ്ചിലെ വകുപ്പുതല വാഹനമായ KL-08-X-4855 Mahindra CL-500 MDI-WD Jeep, MSTC പുറപ്പെടുവിച്ചിട്ടുള്ള ലേല നിബന്ധനകൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ഇ-ലേലം വഴി വിൽപന നടത്തുന്നതാണ്. ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ www.mstcecommerce.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. കോടതി ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുള്ള മേൽ വാഹനങ്ങളുടെ ലേലതുകയും നികുതികളും വിജയിക്കുന്ന ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി.എസ്.റ്റി., വരുമാന നികുതി, ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ്, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ ലേല ദിവസം തന്നെ അടയ്ക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേലപ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തത് നിരസിക്കപ്പെടുന്നതാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ് ഡെസ്കിൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (ലേലക്കാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ലേലത്തിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡ്ഡും ഫിനാൻഷ്യൽ ബിഡ്ഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. ലേലക്കാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി വാഹനങ്ങളുടെ ഗുണനിലവാരം നേരിൽ കണ്ട് ബോദ്ധ്യപ്പെട്ട് കൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്കു മുമ്പായി ദർഘാസ്/ലേലം സംബന്ധമായ സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽനിന്നോ അതിരപ്പിള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

റെയിഞ്ച്—അതിരപ്പിള്ളി

വാഹനത്തിന്റെ വിവരങ്ങൾ—2003 Model, KL-08-X-4855 Mahindra CL-500 MDI-WD Jeep

വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം—അതിരപ്പിള്ളി ഫോറസ്റ്റ് സ്റ്റേഷൻ

ഇ-ലേല പ്രമാണങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും—12-7-2018, 10 മണി.

ഇ-ലേല തീയതി—3-8-2018.

ഏതെങ്കിലും കാരണവശാൽ മേൽ തീയതിയിൽ ലേലം നടക്കാതെ വന്നാൽ 9-8-2018, 17-8-2018 തീയതികളിൽ ഇ-ലേലം നടത്തുന്നതാണ്.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽനിന്നും (ഫോൺ: 0480 2701713) അതിരപ്പിള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും (ഫോൺ: 0484 2451171, 8547601858) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

No. C4-5129/2017. *22nd June 2018.*

It is hereby notified that the Department vehicle No. KL-08-X-4855 Mahindra CL-500 MDI-WD Jeep in Athirappilly Range of Vazhachal Division will be sold through e-auction shown in the schedule by the Divisional Forest Officer, Vazhachal or any other officer authorised by him, subject to the conditions notified in the e-auction notification. The vehicles seized in the forest offences are kept under Government custody.

E-auction documents and connected records are available in the website www.mstcecommerce.com. For submission of tenders visit the website www.mstcecommerce.com.

All bids/e-auction documents are to be submitted online only and in the designated Online cover(s)/envelope(s) on the www.mstcecommerce.com website and e-auction documents submitted manually/through post will not be entertained. Late tenders will not be accepted.

Online e-auction/bids are to be accompanied with relevant documents e-auction or bids received online without the scanned copies of relevant documents, will not be considered and shall be summarily rejected. Any further clarification on this e-auction can be obtained from NIC or the e-auction help desk number available in the www.mstcecommerce.com website and from the office of the Divisional Forest Officer, Vazhachal Division, Chalakudy during the office hours. The details regarding e-payment (Bidder's Bank Account No. where he/she is having core banking facility and email ID) should be submitted along with the e-auction documents. E-auction documents without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers.

The Forest Department will not be responsible for any inconvenience or loss to the bidder while uploading/ downloading the bid.

Intending person may ensure the condition of vehicles put up for e-auction before the commencement of the same and no compliance will be entertained after the e-auction.

Any further notification to the sale condition that may be issued by Government after the issuance of this notification will also be applicable to this auction.

Further details and information can be had from this offfice or the concerned Range Forest Office, Athirappilly during the working hours.

Range—Athirappilly

Details of Vehicle—2001 Model, KL-08-X-4855 Mahindra CL-500 MDI-WD Jeep

Place where vehicles kept—Athirappilly Forest Station

The e-auction will be knocked down in the name of the highest bidders.

Date and time from which the e-auction notification and relevant documents will be available in the website—12-7-2018 at 10 a. m.

Date from which the bidders can be participated in the e-auction—3-8-2018.

If the auction can't be conducted on the above date, the auction will be conducted on 9-8-2018 and 17-8-2018.

Those who are interested to participate in the e-auction should be registered online with MSTC Limited, Bangalore. Conditions for e-auction will be available at the website www.mstcecommerce.com. Telephone Number Divisional Forest Officer, Vazhachal Division, Chalakudy (Phone: 0480-2701713) Range Forest Officer, Athirappilly (Phone number 0484-2451171, 8547601858) during office hours.

S. V. Vinod,
*Divisional Forest Officer*
(For and on behalf of the Governor of Kerala).

Office of the Divisional Forest Officer,
Vazhachal.

---

## ചാലക്കുടി ഡിവിഷൻ

ദർഘാസ്/ലേല പരസ്യം

നമ്പർ സിഡി-5985/2017. 2018 ജൂലൈ 3.

ചാലക്കുടി ഡിവിഷനിൽപ്പെട്ടതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ പരിയാരം റെയിഞ്ചിൽപ്പെട്ട ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ. കെട്ടിടത്തിന് എതിർവശത്തുള്ള ഫോറസ്റ്റ് സ്റ്റാഫ് ക്വാർട്ടേഴ്സ്, ചാലക്കുടി സോഷ്യൽ ഫോറസ്ട്രി കോമ്പൗണ്ടിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് (4 കെട്ടിടങ്ങൾ) എന്നീ കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനുള്ള അവകാശം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ആഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ പരസ്യമായി ദർഘാസ്/ലേല വ്യവസ്ഥകൾ പ്രകാരം വില്പന നടത്തുന്നതാണ്.

ദർഘാസ് ഫോറങ്ങൾ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ നിന്നും നിശ്ചിത തുക അടച്ച് അപേക്ഷ നൽകിയാൽ 26-7-2018 ഉച്ചയ്ക്ക് ഒരു മണിവരെ ലഭിക്കുന്നതാണ്. പൂരിപ്പിച്ച ദർഘാസുകൾ നിരക്ക് രേഖപ്പെടുത്തി മുദ്രവച്ച കവറുകളിൽ പ്രിലിമിനറി എഗ്രിമെന്റ്, നിരതദ്രവ്യം എന്നിവയടക്കം 26-7-2018-ാം തീയതി 3.30 മണി വരെ ഈ ആഫീസിൽ സ്വീകരിക്കുന്നതാണ്. വിതരണം ചെയ്ത ദർഘാസുകൾ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. ദർഘാസ് സമർപ്പിച്ചിട്ടുള്ള ദർഘാസുകാരെ മാത്രം ഉൾപ്പെടുത്തി അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് ആദ്യലേലം നടത്തുന്നതും തുടർന്ന് ലഭിച്ച എല്ലാ ദർഘാസുകളും ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതുമാണ്. ആദ്യ തീയതിയിൽ ദർഘാസ്/ലേലം നടക്കാതിരിക്കുകയോ ദർഘാസ് /ലേലം കൊള്ളാൻ ആരും തയ്യാറാകാതെ വരികയോ ഏതെങ്കിലും കാരണവശാൽ ദർഘാസ്/ലേലം റദ്ദ് ചെയ്യപ്പെടുകയോ ചെയ്താൽ ആയത് 28-7-2018-ാം തീയതിയോ അല്ലെങ്കിൽ 30-7-2018-ാം തീയതിയോ അതേ സ്ഥലത്തും സമയത്തും നടത്തുന്നതാണ്.

ദർഘാസ്/ലേല ദിവസം പൊതു അവധി ആയി പ്രഖ്യാപിച്ചാൽ അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും ദർഘാസ്/ലേലം നടത്തുന്നതാണ്. വനം വകുപ്പിൽ നിലവിലുള്ള ദർഘാസ്/ലേല വ്യവസ്ഥകൾ ഈ ദർഘാസ്/ലേലത്തിനും ബാധകമാണ്.

കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നോ ബന്ധപ്പെട്ട റെയിഞ്ചാഫീസിൽ നിന്നോ അറിയാവുന്നതാണ്.

പട്ടിക

| ക്രമ നമ്പർ | കെട്ടിടത്തിന്റെ വിവരവും ഉദ്ദേശ വിലയും | നിരത്ദ്രവ്യം |
|---|---|---|
| 1 | പരിയാരം റെയിഞ്ചിൽപ്പെട്ട ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ. കെട്ടിടത്തിന് എതിർവശത്തുള്ള ഫോറസ്റ്റ് സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിട നമ്പർ 630/30—` 1,10,400 | 3,000 |
| 2 | പരിയാരം റെയിഞ്ചിൽപ്പെട്ട ചാലക്കുടി സോഷ്യൽ ഫോറസ്ട്രി കോമ്പൗണ്ടിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിട നമ്പർ 25/5, 25/6, 25/9, 25/10 എന്നിവ (4 കെട്ടിടങ്ങൾ)—` 1,66,750 | 4,500 |

ദർഘാസ് ഫോറത്തിന്റെ വില—` 500+ജി.എസ്.റ്റി.

കരാറിന്റെ കാലാവധി—2 മാസം.

ദർഘാസ്/ലേലം നടത്തുന്ന സ്ഥലം—ഡിവിഷണൽ ഫോറസ്റ്റ് ആഫീസ്, ചാലക്കുടി.

ആർ. കീർത്തി ഐ.എഫ്.എസ്.,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ്
ഓഫീസറുടെ കാര്യാലയം,
ചാലക്കുടി.

## നിലമ്പൂർ സൗത്ത് ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ എ1-4040/2017. 2018 ജൂൺ 29.

നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെ കീഴിലുള്ള കാളികാവ് റെയിഞ്ചിലെ ചക്കിക്കുഴി ഫോറസ്റ്റ് സ്റ്റേഷനിൽ ഉപയോഗത്തിലിരുന്നതും കണ്ടം ചെയ്തതും ചുവടെ പ്രതിപാദിക്കുന്നതുമായ വാഹനം ഇപ്പോഴുള്ള അവസ്ഥയിലും സ്ഥിതിയിലും 7-8-2018-ാം തീയതിയിൽ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്. (7-8-2018-ൽ ലേലം നടക്കാതെ വന്നാൽ പകരം 16-8-2018-ൽ ലേലം നടത്തുന്നതാണ്.) M/s MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ് ഡെസ്ക്കിൽ നിന്നോ ഈ ഓഫീസിൽ നിന്നോ (ഫോൺ: 04931 220392) ഓഫീസ് സമയത്ത് അറിയാവുന്നതാണ്.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി വാഹനത്തിന്റെ ഗുണനിലവാരം നേരിൽക്കണ്ട് ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഇ-ലേലം സംബന്ധിച്ച് വനംവകുപ്പിൽ നിലവിലുള്ള പൊതുനിയമങ്ങളും മറ്റ് നടപടിക്രമങ്ങളും ടി ഇ-ലേലത്തിനും ബാധകമായിരിക്കും. വിജയിയായ ലേലക്കാരൻ ലേലത്തുകയുടെ 25% ഏഴ് ദിവസത്തിനകം നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി അടയ്ക്കേണ്ടതാണ്.

വാഹനത്തിന്റെ വിവരം—കെ. എൽ. 10AA 1345 മഹീന്ദ്ര ജീപ്പ് (2006 മോഡൽ).

വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം—ചക്കിക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം, നിലമ്പൂർ.

വി. സജികുമാർ,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

---

ലേല പരസ്യം

നമ്പർ സി1-297/2016. 2018 ജൂൺ 20.

കേരള വനം വകുപ്പിൽ നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയിഞ്ചിലെ ചക്കിക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പാട്ടക്കരിമ്പ് ആദിവാസി കോളനിയിൽ ആദിവാസികൾക്ക് വീട് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന താഴെ പട്ടികയിൽ ഉൾപ്പെടുന്ന മരങ്ങൾ മുറിച്ച് ശേഖരിച്ച് നീക്കംചെയ്തു കൊണ്ടുപോകുന്നതിനുള്ള അവകാശം 25-7-2018-ാം തീയതി താഴെ പറയുന്ന സമയത്ത് നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വച്ച് 10-12-2013-ലെ കേരള ഗസറ്റ് നമ്പർ 49-ൽ 815 മുതൽ 821 വരെയുള്ള പേജുകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 22-11-2013-ലെ പ്രൊ.(5) 43797/2013 എന്ന നമ്പരിലായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ/ലേല വ്യവസ്ഥകൾക്കും നിൽപ്പ് മരങ്ങളുടെ വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ദർഘാസ്/ലേലത്തിൽ പരസ്യമായി വിൽക്കുന്നതാണ്.

പട്ടിക

| ക്രമ നമ്പർ | ലൊക്കേഷൻ | മാർക്കിംഗ് നമ്പർ | മരത്തിന്റെ ഇനം | എണ്ണം | ലഭിക്കാവുന്ന തടിയുടെ ഉദ്ദേശ അളവ് ($m^3$) | ലഭിക്കാവുന്ന വിറകിന്റെ ഉദ്ദേശ അളവ് ($m^3$) |
|---|---|---|---|---|---|---|
| 1 | പാട്ടക്കരിമ്പ് ആദിവാസി കോളനി പ്ലോട്ട് നമ്പർ 12 | 3 | ഒടുക് | 1 | 0.674 | 0.318 |
| | | 6 | പൂവ്വം | 1 | 0.534 | 0.761 |
| 2 | പാട്ടക്കരിമ്പ് ആദിവാസി കോളനി പ്ലോട്ട് നമ്പർ 16 | 2 | പൂപാതിരി | 1 | 0.932 | 0.547 |
| | | 5 | താന്നി | 1 | 1.659 | 1.531 |
| | | 9 | പുന്ന | 1 | 0.552 | 0.243 |
| | | 10 | എണ്ണക്കര | 1 | 0.932 | 0.547 |
| 3 | പാട്ടക്കരിമ്പ് ആദിവാസി കോളനി പ്ലോട്ട് നമ്പർ 20 | 1 | താന്നി | 1 | 2.880 | 2.568 |
| 4 | പാട്ടക്കരിമ്പ് ആദിവാസി കോളനി പ്ലോട്ട് നമ്പർ 41 | 3 | എണ്ണക്കര | 1 | 0.322 | 0.150 |
| | | 9 | ഇലവ് | 1 | 4.327 | 0.800 |
| 5 | പാട്ടക്കരിമ്പ് ആദിവാസി കോളനി പ്ലോട്ട് നമ്പർ 50 | 1 | ഇലവ് | 1 | 1.235 | 0.264 |
| | | 5 | താന്നി | 1 | 3.268 | 2.598 |
| | | 6 | ഇലവ് | 1 | 1.952 | 0.280 |

ലേലത്തീയതിയും സമയവും—25-7-2018, 3 മണി.

നിരതദ്രവ്യം— ` 6,625.

ദർഘാസ് ഫോറത്തിന്റെ വില— ` 610 + GST 12% ( ` 80.)

പകരം ലേലത്തീയതി—1-8-2018.

ദർഘാസ്/ലേല ദിവസം പൊതു അവധിയായി വരുന്നപക്ഷം ദർഘാസ്/ലേലം നടത്താൻ കഴിയാതെ വന്നാൽ ടി ദർഘാസ്/ലേലം അടുത്ത പ്രവൃത്തി ദിവസം പ്രസ്തുത സ്ഥലത്തും സമയത്തും വച്ച് നടത്തുന്നതായിരിക്കും. കൂടാതെ മറ്റെന്തെങ്കിലും കാരണത്താൽ ദർഘാസ്/ലേലം നടത്താൻ കഴിയാതെ വരികയോ ബാക്കി വരികയോ ചെയ്താൽ 1-8-2018 തീയതിയിൽ അടുത്ത ലേലം നടത്തുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിലോ (ഫോൺ നമ്പർ 04931 220392), കാളികാവ് റെയിഞ്ച് ഓഫീസിലോ (ഫോൺ നമ്പർ-04931 245720) ലഭ്യമാണ്. ലേലത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മുമ്പുള്ള പ്രവർത്തി ദിവസം 5 മണിവരെ ദർഘാസ് ഫോറം നിലമ്പൂർ സൗത്ത് ഡിവിഷൻ ഓഫീസിൽനിന്നും വിലയായ ` 610-ം GST-യും ഒടുക്കി വാങ്ങാവുന്നതാണ്. ദർഘാസ് സ്വീകരിക്കുന്നത് ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് വരെയായിരിക്കും.

നിബന്ധനകൾ

1. ദർഘാസ്/ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. പട്ടികയിലെ നിൽപ്പ് മരങ്ങളുടെ നീക്കം ചെയ്യൽ സംബന്ധിച്ച ജോലിക്കുവേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്.

2. മേൽ ഒന്നു മുതൽ അഞ്ച് വരെയുള്ള പട്ടികകളിലെ ദർഘാസ്/ലേലം ഒറ്റ ടെണ്ടറായി നടത്തുന്നതും ആയതിനാൽ അവയ്ക്കായി പ്രത്യേകം ടെണ്ടർ സമർപ്പിക്കേണ്ടതും ലേലം വിളി കേൾക്കേണ്ടതുമാണ്.

3. ദർഘാസ്/ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി മരങ്ങളുടെ നിൽപ്പ് സ്ഥിതി കണ്ട് ബോധ്യപ്പെടേണ്ടതും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ലേലത്തിന് മുമ്പായി രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്. ലേലത്തിനുശേഷം അവ സംബന്ധിച്ച് യാതൊരു പരാതികളും പരിഗണിക്കുന്നതല്ല.

4. ദർഘാസുകാരൻ/ലേലക്കാരൻ നേരിട്ട് ദർഘാസ്/ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. നിയമപരമായ പവർ ഓഫ് അറ്റോർണി ഇല്ലാത്ത പകരക്കാരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

5. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽനിന്നും വാങ്ങി നിരതദ്രവ്യത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.

6. ഇൻകം ടാക്സ്, പാൻ കാർഡ് കൈവശമില്ലാത്ത ആരെയും ടെണ്ടർ/ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

7. വിജയിക്കുന്ന ദർഘാസുകാരൻ/ലേലക്കാരൻ പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ആഫീസർമാരുമായോ ആഫീസുമായോ ഏതെങ്കിലും തരത്തിലുള്ള ബന്ധം ഇല്ലെന്ന് തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം ദർഘാസ്/ലേല ദിവസം ദർഘാസുകാരൻ/ലേലക്കാരൻ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ദർഘാസുകാരന്/ലേലക്കാരന് ബന്ധപ്പെട്ട ആഫീസർമാരുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടെന്ന് പിന്നീട് തെളിയിക്കപ്പെട്ടാൽ ടിയാന്റെ പേരിലുള്ള ദർഘാസ്/ലേലം റദ്ദ് ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതാണ്.

8. ദർഘാസ്/ലേലത്തിന് 7 ദിവസങ്ങൾക്കുശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകളോ മറ്റേതെങ്കിലും തരത്തിലുള്ള പരാതികളോ പരിഗണിക്കുന്നതല്ല. ലേലത്തുകയുടെ 10 ശതമാനത്തിൽ കുറയാത്ത പോസ്റ്റ് ഓഫറുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. കൂടാതെ താഴെ പറയുന്ന നിബന്ധനകളും പോസ്റ്റ് ഓഫറുകൾക്ക് ബാധകമാണ്.

(എ) ദർഘാസ്/ലേലത്തിന് 7 ദിവസത്തിനുശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ബി) പോസ്റ്റ് ഓഫറുകാരൻ യഥാർത്ഥ ദർഘാസുകാരൻ/ലേലക്കാരൻ ഒടുക്കിയ തുകയുടെ ഇരട്ടി തുക അടയ്ക്കേണ്ടതാണ്.

(സി) ബന്ധപ്പെട്ട പോസ്റ്റ് ഓഫർ തുകയും മറ്റു നികുതികളും ചെലാൻ മുഖാന്തിരമോ ബാങ്ക് രസീത് വഴിയോ ഈ ആഫീസിൽനിന്നും രജിസ്റ്റേർഡ് തപാൽ മുഖേന അറിയിച്ച് ഏഴുദിവസത്തിനുള്ളിൽ ഒടുക്കി ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്. പോസ്റ്റ് ഓഫർ നൽകുന്ന ദർഘാസുകാരൻ നിൽപ്പു മരങ്ങളുടെ ഗുണനിലവാരവും മറ്റ് ദർഘാസ് വ്യവസ്ഥകളും ബോദ്ധ്യപ്പെട്ടശേഷം നിശ്ചിത മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്.

(ഡി) പോസ്റ്റ് ഓഫറുകാരൻ ടി വ്യവസ്ഥകൾ ബോദ്ധ്യപ്പെട്ട് ഉടമ്പടിയിൽ ഏർപ്പെടുന്നപക്ഷം ഇതിൻമേൽ ആവശ്യമായ പരസ്യം നൽകി ഒരു പുനർലേലം നടത്തുന്നതാണ്. പുനർലേലത്തിൽ ലഭിക്കുന്ന തുക പോസ്റ്റ് ഓഫറുകാരൻ വാഗ്ദാനം ചെയ്ത തുകയ്ക്ക് ടിയാന്റെ പേരിൽ ദർഘാസ്/ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും. പോസ്റ്റ് ഓഫറുകാരൻ വാഗ്ദാനം ചെയ്ത ലേലത്തുക അടയ്ക്കുന്നതിൽനിന്നും പിൻമാറുന്നപക്ഷം ടിയാൻ അടച്ചിട്ടുള്ള സെക്യൂരിറ്റി തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്. പുനർലേലത്തിൽ പോസ്റ്റ് ഓഫറുകാരൻ വാഗ്ദാനം ചെയ്ത തുകയേക്കാൾ കൂടുതൽ തുകയ്ക്ക് ദർഘാസ്/ലേലം നടക്കുകയാണെങ്കിൽ ഉയർന്ന ലേലത്തുകയ്ക്ക് ആ വ്യക്തിയുടെ പേരിൽ ലേലം ഉറപ്പിക്കുന്നതും പോസ്റ്റ് ഓഫറുകാരന്റെ സെക്യൂരിറ്റി തുക തിരികെ നൽകുന്നതുമാണ്.

9. കൂടുതൽ വിവരങ്ങൾക്ക് നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസിലോ കാളികാവ് റെയിഞ്ച് ഫോറസ്റ്റാഫീസിലോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

10. ദർഘാസ്/ലേലത്തിൽ പങ്ക് ചേരണമെന്നാഗ്രഹിക്കുന്നവർ ` 6,625 നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്.

11. കൂടുതൽ തുകയ്ക്ക് ദർഘാസ്/ലേലം കൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ 35% തുക ലേലം കഴിഞ്ഞാലുടൻ ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടി മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

12. ദർഘാസ്/ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.

13. ദർഘാസ്/ലേലത്തിൽ പങ്കെടുത്ത് കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾ ` 200-ന്റെ മുദ്രപത്രത്തിൽ ഒരു ബൗണ്ടൻ ഉടമ്പടി കൂടി ലേലം കഴിഞ്ഞാലുടൻ ഒപ്പ് വയ്ക്കേണ്ടതാണ്.

14. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയുടെ 5% എഫ്. ഡി. ടി. യും, വിലയും എഫ്. ഡി. ടി. യും, ചേർന്ന തുകയുടെ 18% ജി. എസ്. ടി. യും, വിലയും ജി. എസ്. ടി. യും, എഫ്. ഡി. ടി. യും ഉൾപ്പെടുന്ന തുകയുടെ 2.5% ആദായ നികുതിയും (പാൻകാർഡ് ഇല്ലാത്തവർ 20% ആദായ നികുതി ഒടുക്കേണ്ടതാണ്) ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റും വച്ച് ` 200-ന്റെ മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതുമാണ്. ടി കാലാവധിക്കുള്ളിൽ ടി തുകകൾ ഒടുക്കാൻ കഴിയാതെ വന്നാൽ 18% പലിശ നിരക്കിൽ തുകകൾ ഒടുക്കുന്നതിന് 30 ദിവസത്തേക്കും 24% പലിശ നിരക്കിൽ വീണ്ടും 30 ദിവസത്തേക്കും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് യുക്തംപോലെ കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്.

15. മുകളിലെ വ്യവസ്ഥപ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും തുക ഒടുക്കി എഗ്രിമെന്റ് വയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ ദർഘാസുകാരൻ/ലേലക്കാരൻ ഒടുക്കിയിട്ടുള്ള എല്ലാ തുകയും സർക്കാരിലേക്ക് കണ്ടുകെട്ടി ലേലം റദ്ദ് ചെയ്യുന്നതും ദർഘാസുകാരന്റെ/ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലം ചെയ്യുമ്പോൾ ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിന് ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. പുനർലേലത്തിലുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും വീഴ്ചക്കാരനിൽനിന്നും ഈടാക്കുന്നതുമാണ്.

16. ഉടമ്പടി കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 30 ദിവസമാണ്. സാധാരണഗതിയിൽ മരം മുറിച്ച് കടത്തിക്കൊണ്ടുപോകുന്നതിനുള്ള കാലാവധി നീട്ടി കൊടുക്കുന്നതല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിലും മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിലും നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസർ, രണ്ടുമാസം വരെ നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് കാലാവധി നീട്ടിക്കൊടുക്കുന്നതാണ്.

17. ഇപ്രകാരം നീട്ടി നൽകുന്ന തീയതിക്കുള്ളിലും മുറിച്ച് നീക്കം ചെയ്യാതെ നിൽക്കുന്ന മരങ്ങളും മുറിച്ച് നീക്കം ചെയ്യാതെ കിടക്കുന്ന തടിയും വിറകും കണ്ടുകെട്ടി ഗവൺമെന്റിലേക്ക് മുതൽക്കൂട്ടുന്നതും കരാറുകാരന് ആയവയിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്. ഉടമ്പടിക്കാരൻ ചെയ്തു തീർക്കുവാനുള്ള ബാക്കി ജോലികൾ ഡിപ്പാർട്ടുമെന്റ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചെലവും ഉടമ്പടിക്കാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും.

18. ടി മരങ്ങളിൽനിന്നും ശേഖരിച്ചുവയ്ക്കുന്ന തടിയും വിറകും നീക്കം ചെയ്യാനുള്ള ലൈസൻസ് നൽകുന്നത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

19. ഡിവിഷണൽ ഫോറസ്റ്റാഫീസറുടെയോ, റെയിഞ്ച് ഫോറസ്റ്റാഫീസറുടെയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ, അയാളുടെ ആളുകളോ വനത്തിൽ പ്രവേശിക്കുവാൻ പാടുള്ളൂ.

20. യാതൊരു കാരണവശാലും പ്ലാന്റേഷനിലെയോ റിസർവിലെയോ മറ്റ് മരങ്ങൾക്കും തടികൾക്കും സമീപമുള്ള വീടുകൾക്കും, വിളകൾക്കും കേടുപാടുകളോ നാശനഷ്ടങ്ങളോ വരുത്തുവാൻ പാടില്ല. അങ്ങനെ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ പൂർണ്ണ ഉത്തരവാദിയാകുന്നതാണ്.

21. കരാർ പ്രകാരമുള്ള ജോലിയുടെ നിർവ്വഹണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പ്രസ്തുത ജോലിക്കായി കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്കോ മറ്റ് ജോലിക്കാർക്കോ ഉണ്ടായേക്കാവുന്ന അപകടം, മരണം തുടങ്ങിയവയ്ക്കും കരാറുകാരന്റെയോ മറ്റുള്ളവരുടെയോ സാധന സാമഗ്രികൾക്കോ യന്ത്രങ്ങൾക്കോ വാഹനങ്ങൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും വനംവകുപ്പോ കേരള ഗവൺമെന്റോ യാതൊരു വിധത്തിലും ഉത്തരവാദിയായിരിക്കുന്നതല്ലാത്തതും, അത്തരം സംഭവങ്ങളുടെ ഉത്തരവാദിത്വം കരാറുകാരന് മാത്രം ആയിരിക്കുന്നതുമാണ്. അവിചാരിതമായ കാരണങ്ങളാലോ, മോശമായ കാലാവസ്ഥമൂലമോ ഉടമ്പടി കാലാവധിക്കുള്ളിൽ ഉൽപ്പന്നങ്ങൾ നീക്കം ചെയ്തുകൊണ്ടുപോകാൻ കഴിയാതെ വന്നാൽ നിയമാനുസൃത തറവാടക ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

22. മരത്തിന് 0.4 കി. മീറ്റർ (2 ഫർലോങ്ങ്) ചുറ്റളവിൽ സംഭവിക്കുന്ന എല്ലാവിധ അനധികൃത കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാകുന്നതാണ്. അനധികൃത കുറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ഉടമ്പടിക്കാരൻ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തിയാൽ കരാർ റദ്ദാക്കപ്പെടാവുന്നതാണ്.

23. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്കുശേഷം ഗവൺമെന്റിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ ടി തുകയിൽ നിന്നും ഈടാക്കിയതിനുശേഷം ബാക്കി തുക തിരിച്ച് നൽകുന്നതാണ്.

24. ഈ ദർഘാസ്/ലേലത്തിലെ വകുപ്പുകൾ പ്രകാരം ഗവൺമെന്റിലേക്ക് കിട്ടേണ്ടതായ ഏതൊരു തുകയും ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യപ്പെടുന്ന സമയത്ത് ദർഘാസുകാരൻ/ലേലക്കാരൻ അടയ്ക്കാൻ വീഴ്ചവരുത്തുന്നപക്ഷം പ്രസ്തുത തുക ഭൂനികുതി കുടിശ്ശികയായി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം ഈടാക്കുന്നതാണ്. ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് യുക്തമെന്നുതോന്നുന്ന മറ്റ് മാർഗ്ഗങ്ങളിൽ കൂടിയും ഈ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

25. സെയിൽ കൂപ്പുകളെ സംബന്ധിച്ച എല്ലാ പൊതു നിബന്ധനകളും ഈ ദർഘാസ്/ലേലത്തിനും ബാധകമായിരിക്കും.

വി. സജികുമാർ,
ഡിവിഷണൽ ഫോറസ്റ്റാഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
നിലമ്പൂർ.

## കോഴിക്കോട് ഡിവിഷൻ

നോട്ടീസ്

നമ്പർ ഒ.ആർ.-21/2017. 2018 ജൂൺ 21.

താമരശ്ശേരി റെയിഞ്ചിലെ ചെലവൂർ, പുളിക്കൽ മഹൽ ജമായത്ത് പള്ളി പറമ്പ് എന്ന സ്ഥലത്തെ സ്വകാര്യഭൂമിയിൽ നിന്നിരുന്ന ചന്ദനമരം അനധികൃതമായി മുറിച്ച കുറ്റത്തിന് 1961 കേരള വന നിയമം സെക്ഷൻ 47 A, 47 B, 47 G, 47 H എന്നിവ പ്രകാരം താമരശ്ശേരി റെയിഞ്ചിൽ രജിസ്റ്റർ ചെയ്ത കേസാണ് ഒ.ആർ. 21/17. ടി കേസിന്റെ അന്വേഷണം നടത്തിയതിൽ പ്രതികളാരാണെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ചന്ദനത്തിന് അവകാശവാദമുന്നയിച്ച് ശരിയായ ഉടമസ്ഥതാരേഖയോടെ ആരുംതന്നെ ഇതുവരെ ആയിട്ടും വനം വകുപ്പിനെ സമീപിച്ചിട്ടില്ല. ആയതിനാൽ ഒ. ആർ. 21/17 കേസിൽപ്പെട്ട തൊണ്ടിമുതലായ 80 സെ.മീ. നീളം, മധ്യവണ്ണം 25 സെ.മീ., 1 എണ്ണം ചന്ദന കഷണം 1961-ലെ കേരള വനനിയമം സെക്ഷൻ 61 A പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടി മുതൽകൂട്ടുന്നതിനായി തീരുമാനിക്കുന്നു. ആർക്കെങ്കിലും ഇതിൽ ആക്ഷേപം ഉണ്ടെങ്കിൽ, ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം 15 ദിവസത്തിനകം കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി ഭൂമിയുടെ ഉടമസ്ഥതാരേഖയോടൊപ്പം ബന്ധപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നും ഇല്ലാത്ത നിഗമനത്തിൽ മേൽ തൊണ്ടി വകകൾ കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതാണ്.

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ്,
ഓഫീസ്, കോഴിക്കോട്.

## സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ

ഇ-ലേല പരസ്യം

നമ്പർ ജി2-5659/15. 2018 ജൂലൈ 5.

സൗത്ത് വയനാട് ഡിവിഷനിൽ വിവിധ വനം കേസുകളിൽ ഉൾപ്പെട്ട് 1961-ലെ കേരള വനനിയമം 61 (എ) വകുപ്പനുസരിച്ച് സർക്കാരിലേക്ക് കണ്ടുകെട്ടിയിട്ടുള്ളതും, കേരള വനനിയമം 61(എ) പ്രകാരം കേസ് നടന്നുകൊണ്ടിരിക്കുന്നതും ബഹു. ഹൈക്കോടതിയുടെ MACA-1458/08 തീയതി 2-12-2008 ഉത്തരവിന്റെയും, കേരള സർക്കാരിന്റെ 89584/08/ജി3/ഹോം തീയതി 5-1-2009-ലെ സർക്കുലർ പ്രകാരവും ഈ ഡിവിഷനിൽ വിൽപ്പന നടത്താനുള്ള താഴെ പട്ടികയിൽ ക്രമനമ്പർ 1 മുതൽ 8 വരെയുള്ള വാഹനങ്ങൾ ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും 2018 ആഗസ്റ്റ് 8-ന് ഇ-ഓക്ഷൻ ചെയ്ത് വിൽക്കുന്നതായിരിക്കും. ടി തീയതിയിൽ ഇ-ഓക്ഷൻ മുഖാന്തിരം വിൽപ്പന നടക്കാത്തപക്ഷം 12-9-2018, 10-10-2018, 13-11-2018, 12-12-2018, 9-1-2019 എന്നീ തീയതികളിൽ ഇ-ഓക്ഷൻ നടത്തുന്നതായിരിക്കും. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 09946473645, 0471 2529137 എന്നീ നമ്പരുകളിൽ MSTC അധികൃതരുമായി ബന്ധപ്പെടാവുന്നതാണ്.

ലേലം ചെയ്യുന്ന വാഹനങ്ങളുടെ വിവരം

| ക്രമ നമ്പർ | വാഹന ഇനവും നമ്പരും | വാഹനത്തിന്റെ എഞ്ചിൻ നമ്പരും ചേസിസ് നമ്പരും | നിരതദ്രവ്യം ` | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KL 13-N-2319<br>ഗുഡ്സ് ഓട്ടോറിക്ഷ<br>2005 മോഡൽ | R5E100252<br>BGE250264 | 1,000 | കൽപ്പറ്റ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |
| 2 | KL 12-D-7542<br>മോട്ടോർ സൈക്കിൾ<br>2011 മോഡൽ | JWMBSA36662<br>MD2DSJWZZSWA37625 | 1,000 | മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |
| 3 | KL 13-C-4502<br>ഗുഡ്സ് കാരിയർ<br>1996 മോഡൽ | DU01511<br>NC640DP4LUDU01511 | 7,000 | മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |
| 4 | KL 57-J-9992<br>മോട്ടോർ സൈക്കിൾ-<br>(Above 95 CC)<br>2014 മോഡൽ | DHZCEC00935<br>MD2A11CZ5ECC21999 | 6,000 | മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |
| 5 | KL 12 H-5317<br>Appe-LMV<br>3 Wheeler Goods<br>2013 മോഡൽ | S-3A8097091<br>MBX-000-2MP-A648483 | 10,000 | കൽപ്പറ്റ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | KL 12-C-1170 Appe-D600 Pickup Van (LMV-3 Wheeler Goods Vehicle) 2005 മോഡൽ | R5D85597 BGD241873 | 5,000 | കൽപ്പറ്റ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |
| 7 | KL 12-D-7284 Hero Honda Passion Plus Motor Cycle 2009 മോഡൽ | HA10EB99E00021 MBLHA10EL99E00582 | 2,500 | കൽപ്പറ്റ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |
| 8 | KL 12 A-1865 Tractor 1998 മോഡൽ | 3SA86886 YYDA95582 | 4,500 | ചെതലത്ത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 24-6-2015-ലെ Pro (9) 18490/15 നമ്പർ കത്ത് പ്രകാരം നിർദ്ദേശങ്ങൾക്ക് വിധേയമായി മേൽപ്പറഞ്ഞ വാഹനങ്ങൾ ഇ-ഓക്ഷൻ മുഖേന ലേലം ചെയ്ത് വിൽക്കുന്നതാണ്.

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും വാഹനം വിൽക്കാതിരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സൗത്ത് വയനാടിൽ നിക്ഷിപ്തമായിരിക്കും. ലേലം ചെയ്യുന്ന വാഹനത്തിന്റെ പട്ടികയിൽ കാണിച്ചിരിക്കുന്ന നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടു തലേദിവസം വൈകുന്നേരം 5 മണിക്കുമുമ്പായി അടച്ചിരിക്കണം. ഈ തുക MSTC-യ്ക്ക് ഓൺലൈൻ മുഖേന അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരനു മാത്രമേ വാഹനങ്ങളുടെ ക്രമപ്രകാരമുള്ള ഇ-ഓക്ഷനിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

വാഹനങ്ങൾ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ചാഫീസറുടെ അനുവാദത്തോടുകൂടി ആഫീസ് സമയത്ത് പരിശോധിക്കാവുന്നതും വാഹനത്തിന്റെ ഗുണനിലവാരം കണ്ട് ബോധ്യപ്പെടാവുന്നതുമാണ്. ലേലത്തിന് ശേഷം തൽസംബന്ധമായ യാതൊരു പരാതികളും സ്വീകരിക്കുന്നതല്ല.

വാഹനത്തിന്റെ ആർ. സി. ബുക്ക് ലഭ്യമല്ലാതായാൽ ലേലക്കാർ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ഡ്യൂപ്ലിക്കേറ്റ് ആർ. സി. ബുക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലേലം സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള പൊതു നിയമങ്ങളും മറ്റ് നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

ഇ-ഓക്ഷൻ സംബന്ധിച്ച് MSTC പുറപ്പെടുവിച്ചിട്ടുള്ള പൊതു നിയമങ്ങളും നടപടിക്രമങ്ങളും ടി ലേലത്തിന് ബാധകമായിരിക്കും.

വിജയിയായ ലേലക്കാരൻ ലേല വിലയുടെ 35% തുക ലേലസ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേനയോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാടിന്റെ പേരിൽ SBI, Kainatty ബ്രാഞ്ചിൽ മാറാവുന്ന രീതിയിൽ ഡിമാന്റ് ഡ്രാഫ്റ്റായോ കൽപ്പറ്റ ജില്ലാ ട്രഷറിയിൽ ചെലാൻ മുഖാന്തിരമോ അടയ്ക്കാവുന്നതാണ്. ബാങ്കുകൾ ഡിഡി മാറുന്നതിന് കമ്മീഷൻ ഈടാക്കുകയാണെങ്കിൽ ആയത് ലേലക്കാരൻ നൽകേണ്ടതാണ്.

ഇ-ഓക്ഷൻ നിബന്ധനകളിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള വാഹനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം സൗത്ത് വയനാട് ഡിവിഷണൽ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഇ-ഓക്ഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ/ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ പി.ഒ., വയനാട് ജില്ല, കേരളം, പിൻ-673 121.

ഇ-മെയിൽ - dfoswd@gmail.com
dfo-wynds.for@kerala.gov.in

ഫോൺ നമ്പർ - 04936 203428, Divisional Forest Office, South Wayanad

04936 205038, Range Forest Office, Kalpetta
Mob. 8547602715

04936 282001 Range Forest Office, Meppady
Mob. 8547602680

04936 243700 Range Forest Offfice, Chedleth
Mob. 8547602737

(ഒപ്പ്)

സൗത്ത് വയനാട് ഡിവിഷൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കൽപ്പറ്റ. (കേരള ഗവർണ്ണർക്കുവേണ്ടി).

---

## സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, വയനാട്, കൽപ്പറ്റ

ഇ-ലേല പരസ്യം

നമ്പർ WSF1-2436/2017. 2018 ജൂലൈ 2.

വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിലെ മാനന്തവാടി റെയിഞ്ച് ഓഫീസ് പരിസരത്ത് സൂക്ഷിച്ചിരിക്കുന്നതും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്) തിരുവനന്തപുരത്തിന്റെ പി3-16940/18 തീയതി 26-4-2018 പ്രകാരം കണ്ടംചെയ്യാൻ ഉത്തരവായതുമായ താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്നതുമായ ജീപ്പ്, ഇപ്പോഴുള്ള സ്ഥിതിയിലും അവസ്ഥയിലും 2018 ആഗസ്റ്റ് 8-ന് ഇ-ഓക്ഷൻ വഴി വിൽപ്പന നടത്തുന്നതായിരിക്കും. MSTC കമ്പനിയിൽ രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് www.mstcecommerce.com വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടാതെ 09946473645, 0471 2529137 എന്നീ ഫോൺ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

വാഹനത്തിന്റെ ഇനവും നമ്പരും—KL 11-F-8355 മഹീന്ദ്ര & മഹീന്ദ്ര ജീപ്പ് 1997 മോഡൽ.

വാഹനത്തിന്റെ എഞ്ചിൻ നമ്പരും ചേസിസ് നമ്പരും—Engine No. DV204379, Chasis No. CL500MD4FVDV204379.

നിരതദ്രവ്യം—` 4,000.

വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം—സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്, മാനന്തവാടി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 24-6-2015-ലെ Pro (9) 18490/15 നമ്പർ കത്ത് പ്രകാരം നിർദ്ദേശങ്ങൾക്ക് വിധേയമായി മേൽപ്പറഞ്ഞ വാഹനങ്ങൾ ഇ-ഓക്ഷൻ മുഖേന ലേലം ചെയ്ത് വിൽക്കുന്നതാണ്.

മേൽപ്പറഞ്ഞ വാഹനം മതിയായ കാരണമുള്ളപക്ഷം വിൽക്കാതിരിക്കുന്നതിനുള്ള അധികാരം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, വയനാടിൽ നിക്ഷിപ്തമായിരിക്കും. ലേലം ചെയ്യുന്ന വാഹനത്തിന്റെ നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടുതലേ ദിവസം വൈകുന്നേരം 5 മണിക്കുമുമ്പായി അടച്ചിരിക്കണം. ഈ തുക MSTC-യ്ക്ക് ഓൺലൈൻ മുഖേന അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരനു മാത്രമേ ഇ-ഓക്ഷനിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. ഓൺലൈൻ വ്യവസ്ഥകൾ പരിചയമില്ലാത്തവരിൽ നിന്നും ഒരു തുടക്കമെന്ന നിലയിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൽപ്പറ്റയുടെ പേരിൽ കൽപ്പറ്റ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ലേല തലേദിവസം 2 മണിവരെ നിരതദ്രവ്യം സ്വീകരിക്കുന്നതായിരിക്കും.

വാഹനങ്ങൾ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ചാഫീസറുടെ അനുവാദത്തോടുകൂടി ഓഫീസ് സമയത്ത് പരിശോധിക്കാവുന്നതും, വാഹനത്തിന്റെ ഗുണനിലവാരം കണ്ട് ബോധ്യപ്പെടാവുന്നതുമാണ്. ലേലത്തിന് ശേഷം തൽസംബന്ധമായ യാതൊരു പരാതികളും സ്വീകരിക്കുന്നതല്ല.

ലേലം സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിലവിലുള്ള പൊതു നിയമങ്ങളും മറ്റ് നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

ഇ-ഓക്ഷൻ സംബന്ധിച്ച് MSTC പുറപ്പെടുവിച്ചിട്ടുള്ള പൊതു നിയമങ്ങളും നടപടിക്രമങ്ങളും ടി ലേലത്തിന് ബാധകമായിരിക്കും.

വിജയിയായ ലേലക്കാരൻ ലേല വിലയുടെ 35% തുക ലേലസ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേനയോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, വയനാടിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൽപ്പറ്റ ശാഖയിൽ മാറാവുന്ന രീതിയിൽ ഡിമാന്റ് ഡ്രാഫ്റ്റായോ കൽപ്പറ്റ ജില്ലാ ട്രഷറിയിൽ ചെലാൻ മുഖാന്തിരമോ അടയ്ക്കാവുന്നതാണ്. ബാങ്കുകൾ ഡിഡി മാറുന്നതിന് കമ്മീഷൻ ഈടാക്കുകയാണെങ്കിൽ ആയത് ലേലക്കാരൻ നൽകേണ്ടതാണ്.

ഇ-ഓക്ഷൻ നിബന്ധനകളിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പറഞ്ഞിട്ടുള്ള വാഹനത്തിന്റെ എണ്ണത്തിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, വയനാടിൽ നിക്ഷിപ്തമായിരിക്കും.

ഇ-ഓക്ഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ/ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൽപ്പറ്റ പി.ഒ., വയനാട് ജില്ല, കേരളം, പിൻ-673 121.

ഇ-മെയിൽ - acfsfwynd@gmail.com
acf.sf.wynd.for@kerala.gov.in

ഫോൺ - 04936 202623, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൽപ്പറ്റ, വയനാട്

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി, മാനന്തവാടി.
മൊബൈൽ-8547603851.

വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ,
കൽപ്പറ്റ.

(ഒപ്പ്)
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ.

---

## കാസർഗോഡ് ഡിവിഷൻ

1961-ലെ കേരള വനനിയമം സെക്ഷൻ 61 ബി പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ്

നമ്പർ കെജിജിഒആർ-17/2007. 2018 ജൂൺ 11.

വിഷയം:—വനം കുറ്റം—ഒ. ആർ. -17/07—കാഞ്ഞങ്ങാട് റെയിഞ്ച്—കണ്ണാടിപ്പാറ ബദർ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ അനധികൃതമായി 48 കഷണം വീട്ടി തടികൾ സൂക്ഷിച്ച കുറ്റം—സംബന്ധിച്ച്.

സൂചന:—(1) കാഞ്ഞങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ 6-11-2007-ലെ ഒ. ആർ.-17/07 നമ്പർ റിപ്പോർട്ട്.

(2) കാഞ്ഞങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ 16-3-2017-ലെ ഫോറം II റിപ്പോർട്ട്.

കാഞ്ഞങ്ങാട് റെയിഞ്ചിലെ കണ്ണാടിപ്പാറ എന്ന സ്ഥലത്തുള്ള ബദർ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന 48 കഷണം വീട്ടിത്തടികൾ 6-11-2007-ന് കാസറഗോഡ് ഫ്ളയിംഗ് സ്ക്വാഡ് ഫോറസ്റ്റ് റെയിഞ്ചാഫീസറും പാർട്ടിയും കസ്റ്റഡിയിലെടുത്ത് തുടർ നടപടികൾക്കായി കാഞ്ഞങ്ങാട് റെയിഞ്ചിലേക്ക് കൈമാറുകയുണ്ടായി. അതുപ്രകാരം കാഞ്ഞങ്ങാട് റെയിഞ്ചിൽ ഒ. ആർ.-17/07-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് തൊണ്ടിമുതലുകൾ 1961-ലെ കേരള വനനിയമം സെക്ഷൻ 61എ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഓതറൈസ്ഡ് ഓഫീസറായ കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുൻപാകെ ഹാജരാക്കുകയുണ്ടായി. ഈ കേസ്സിൽ ഉൾപ്പെട്ട വീട്ടിത്തടികളുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിൽ കേസ്സിലെ പ്രതികൾ പരാജയപ്പെട്ടതിനാൽ അവ ഏതോ സർക്കാർ വനത്തിൽനിന്നും അനധികൃതമായി ശേഖരിച്ച് കടത്തിക്കൊണ്ടുവന്നതാണെന്ന ഉത്തമവിശ്വാസത്തിൽ അവ കേരള വനനിയമം സെക്ഷൻ 61എ പ്രകാരം കണ്ടുകെട്ടുന്നതിന് കാഞ്ഞങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ കേസ്സിൽ ഉൾപ്പെട്ട 48 കഷണം വീട്ടിത്തടികൾ 1961-ലെ കേരള വനനിയമം സെക്ഷൻ 69 പ്രകാരം സർക്കാർ മുതലായി കണക്കാക്കി സെക്ഷൻ 61എ പ്രകാരം കണ്ടുകെട്ടേണ്ടതുണ്ട്. ആയതിനെതിരെ ആർക്കെങ്കിലും എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ മേൽ തടികളുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ സഹിതം ഈ നോട്ടീസ് കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം കാസറഗോഡ് വിദ്യാനഗർ ഉദയഗിരിയിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തടികൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
കാസർഗോഡ്.

**രാജീവൻ, എം.,**
ഓതറൈസ്ഡ് ഓഫീസർ ആന്റ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

---